# DIOCESAN BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OF THE MALANKARA ORTHODOX SYRIAN CHURCH

**Vol. 22 No. 2, 2011 February 15**

എഡിറ്റോറിയൽ

# ലളിതം മധുരം

**ലോ**കാരാധ്യരായ എല്ലാ മഹാത്മാക്കളും ലളിതജീവിതം നയിക്കുകയും അതിന് ജനത്തെ ആഹ്വാനം ചെയ്യുകയും ചെയ്തിട്ടുള്ളവരാണ്. ദൈവപുത്രനായ ക്രിസ്തു ഒരു ആശാരി കുടുംബത്തിൽ ജനിച്ച് സാധാരണക്കാരോടൊത്ത് ജീവിച്ചു. രാജകുമാരനായി പിറന്ന ശ്രീബുദ്ധൻ കൊട്ടാരജീവിതം ഉപേക്ഷിച്ച് ഭിക്ഷുവായി മാറി. ഗാന്ധിജി, നമുക്കറിയാം ഒരു ഖദറുടുപ്പുപോലും ധരിക്കാതെ അർദ്ധനഗ്നനായി കഴിഞ്ഞുകൂടി. ആർഭാടജീവിതത്തിന് സാഹചര്യമിരിക്കെ ലളിതജീവിതം സ്വയം വരിച്ചവരാണ് ഇവരൊക്കെ.

എന്താണ് ലളിതജീവിതം? പ്രകൃതിയെയും സമൂഹത്തെയും പരമാവധി കുറച്ചുമാത്രം ചൂഷണം ചെയ്യു ന്ന ജീവിതരീതിയാണിത്. സമ്പന്നതയുടെ മധ്യത്തിൽ ലളിത ജീവിതം ഒരു വെല്ലുവിളിയാണ്. മനുഷ്യർ സ്വതേ സുഖലോലുപത ഇഷ്ടപ്പെടുന്നവരാണ്. അതിനോടാണ് അവർക്ക് ആകർഷണം. ആ നിലയ്ക്ക് ലളിതജീവിതം വൈരുദ്ധ്യാത്മകമാണ്. ഒഴുക്കിനെതിരെ നീന്തലാണ്. ആത്മശക്തിയുടെ ബഹിർഭാവമാണ്. ആദർശനിഷ്ഠയുള്ളവർക്കേ അതിനോട് ആഭിമുഖ്യം തോന്നുകയുള്ളൂ. ത്യാഗമനോഭാവവും സാമൂഹ്യപ്രതിബദ്ധതയുമാണ് ലളിതജീവിതത്തിന് ശക്തിപകരുന്നത്.

ശാസ്ത്രസാങ്കേതിക രംഗങ്ങളിലുായ കുപിടുത്തങ്ങളും മുന്നേറ്റങ്ങളും മനുഷ്യജീവിതം ആർഭാടപൂരിതമാക്കിയിരിക്കുകയാണ്. എല്ലാ ജീവിതതുറകളിലും ഇന്നത് ദൃശ്യമാണ്. കുപിടുത്തങ്ങൾ ജീവിതസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം പ്രകൃതി വിഭവങ്ങളുടെ ചൂഷണവും വിപുലമാക്കുകയും ചെയ്യുന്നു. യന്ത്രങ്ങളുടെ ആവിർഭാവം കായികാദ്ധ്വാനം നന്നേ കുറച്ചു. കൂടാതെ ആഹാരരീതിയിലും ലഭ്യതയിലും ഉായ മുന്നേറ്റം കൂടിയായപ്പോൾ ശരീരത്തിൽ മേദ ും അമിതോർജ്ജവും ഏറി. ഇത് ശാരീരികരോഗങ്ങൾ മാത്രമല്ല മാനസിക, സാമൂഹ്യപ്രശ്നങ്ങളും ക്ഷണിച്ചുവരുത്തുന്നു. ഇന്ന് പരിഷ്കാര ലക്ഷണമായി മാറിയിരിക്കുന്ന മദ്യപാനംകൂടി ചേരുമ്പോൾ എല്ലാ ദുർവാസനകളും നീചകൃത്യങ്ങളും പെരുകുന്നു. ആർഭാടജീവിതത്തിനു ള്ള വ്യഗ്രതയിൽ മനുഷ്യൻ എല്ലാ കുറ്റകൃത്യങ്ങൾക്കും തയ്യാറാകുന്നു. അങ്ങനെ ശരീരവും മന ും നാശോന്മുഖമാകുന്ന സാഹചര്യമാണ് വളർന്നുവരുന്നത്.

ആർഭാടജീവിതം പ്രകൃതി വിഭവങ്ങൾ പങ്കുവയ്ക്കാനുള്ള സന്മന ിന് തട ം നിൽക്കുന്നു. ഏതുമാർഗ്ഗേണയും സ്വത്താർജ്ജിക്കുന്നതിനും എല്ലാവിധത്തിലും അത് ധൂർത്തടിക്കുന്നതിനുമുള്ള പ്രവണത വളർത്തുന്നു. സമ്പന്നരെ മാത്രം മനുഷ്യരായി കാണാനും പാവപ്പെട്ടവരെയും ലളിതജീവിതം നയിക്കുന്നവരെയും അവജ്ഞയോടെ വീക്ഷിക്കാനുമാണ് അത് ജനത്തെ ശീലിപ്പിക്കുന്നത്.

വസ്ത്രധാരണ കാര്യത്തിൽ ഇന്ന് ഏറെ ധൂർത്ത് പ്രകടമാണ്. വിലയിൽ വലിയ അന്തരമുള്ള തുണിത്തരങ്ങൾ വിപണിയിൽ ലഭ്യമാണ്. ഏറ്റവും മുന്തിയത് വാ ങ്ങുവാനാണ് താല്പര്യം. നഗ്നത മറയ്ക്കുന്നതിനുപരി പണക്കൊഴുപ്പും പൊങ്ങച്ചവും കാണിക്കുവാനാണ് വസ്ത്രധാരണമെന്ന് തോന്നിപ്പോകും പലരുടെയും വേഷം കാൽ.

ഇന്ത്യാക്കാർ പൊതുവേ ആഭരണപ്രിയരാണ്. ഇത്രയേറെ സ്വർണ്ണാഭരണങ്ങൾ ധരിക്കുന്നവർ ലോകത്ത് വേറെയില്ല. ആഭരണക്കമ്പം ഇവിടെ പാവപ്പെട്ടവരിലും പണക്കാരിലും ഒരുപോലെ ശക്തമാണ്. ഒരു കരുതൽ ധനം എന്ന നിലയിൽ ആഭരണങ്ങളെ കണക്കാക്കാമെങ്കിലും അതൊരുമൃതസ്വത്ത് (dead money) ആയി തിരിച്ചറിയേതു്. മാത്രമല്ല, പിടിച്ചുപറിക്കും കൊലപാതകത്തിനും തന്നെ സ്വർണ്ണാഭരണങ്ങൾ പലപ്പോഴും പ്രേരകമാകുന്നു.

വാഹനങ്ങളാണ് ആർഭാടത്തിന്റെ മറ്റൊരു രംഗം. സാമ്പത്തികനില ഉയരുന്തോറും റോഡുകൾ വാഹനങ്ങൾ കൊ് നിറയുകയാണ്. ഓട്ടോമൊബൈൽ വാഹനങ്ങൾ സുലഭമായതോടെ സൈക്കിൾ അപ്രത്യക്ഷമായിക്കൊിരിക്കുന്നു. അങ്ങനെ നല്ലൊരു വ്യായാമ മാർഗ്ഗമാണ് അടഞ്ഞുപോകുന്നത്. അദ്ധ്വാനത്തോടുള്ള വിരക്തിയാണ് ഇവിടെയും പ്രകടമാകുന്നത്. കായികാദ്ധ്വാനം വിനോദരംഗത്തുപോലും വർജ്ജ്യ

## EDITORIAL BOARD

President
**H. G. Dr. Thomas Mar Athanasius**
Metropolitan

Chief Editor
**Fr. Abraham Karammel**

Mg.Editor
**Mr. P. J. Varghese**

Associate Editor
**Fr. Kochuparambil Geevarghese Ramban**

Technical Adviser
**Mr. George Paul**

Members
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.dioceseofkandanadeast.org


## ഉള്ളടക്കം


പേജ്

എഡിറ്റോറിയൽ
**ലളിതം മധുരം**.......................................... 1

**ചരിത്രരചന എക്യുമെനിക്കൽ കാഴ്ചപ്പാടിലാകണം** ... 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

Brutality at Its Worst.................................
4
മാസ്റ്റർ സ്റ്റീഫൻ മേരിദാസ്

**സഭാശുശ്രൂഷയിൽ ര് പതിറ്റാുകൾ – 10** ......... 5
ഡോ. തോമസ് മാർ അത്താനാസ്യോസ്

**ഒരു ചാക്കു മണ്ണും കുറെ വിത്തും** .................. 10
ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത

**വേര്** ....................................................11
ഫാ. ബോബി ജോസ്, കട്ടിക്കാട്

**പ്രതിവാരധ്യാനം** ....................................... 13
ഡീ. വിജു ഏലിയാസ്

**മാതൃപൂജ** ...............................................16
അന്ന

**ദാരിദ്ര്യം** .................................................17
ജെർളി


മായി വരികയാണ്. ഉശിരൻ കളികൾ വിട്ട് മടിയൻ വിനോദങ്ങളിലാണ് താല്പര്യം കൂടിവരുന്നത്. ഒരു കാലത്ത് ഫുട്ബോളാണ് ജനങ്ങളെ ആവേശം കൊള്ളിച്ചിരുന്നതെങ്കിൽ ഇന്ന് ക്രിക്കറ്റാണ് അവരെ കോരിത്തരിപ്പിക്കുന്നത്.

മദ്യപാനവും പുകവലിയും പരിഷ്ക്കാര ലക്ഷണങ്ങളാണ്. ഇതു രുമില്ലെന്നു പറയാൻതന്നെ ലജ്ജിക്കേതായി വന്നിരിക്കുകയാണ്. മുഖ്യവരുമാന മാർഗ്ഗമെന്ന നിലയിൽ സർക്കാർ അവയെ പ്രോത്സാഹിപ്പിക്കുകയാണ്. ആരോഗ്യ, നിയമപരിപാലന രംഗങ്ങളിൽ ഇവ മൂലമുാകുന്ന അധികച്ചെലവ് ആരും കണക്കിൽ എടുക്കാറുമില്ല. മദ്യപാനം സൃഷ്ടിക്കുന്ന കുടുംബ സാമൂഹിക പ്രശ്നങ്ങൾ വിവരിക്കേതില്ലല്ലോ.

നമ്മുടെ വിരുന്നുസദ്യകൾ ധൂർത്തിനു പര്യായമാണ്. ആവശ്യത്തിലേറെ  ഭക്ഷണം വിരുന്നുശാലകളിൽ കോരി വിളമ്പുന്നു. മനുഷ്യന്റെ പചനേന്ദ്രിയങ്ങൾക്കും ദീപനരസങ്ങൾക്കും ദഹിപ്പിക്കാൻ കഴിയുന്നതിലേറെ ആഹാരമാണ് ജനം അകത്താക്കുക. ഇത്തരം പൊങ്ങച്ചപ്രകടനം നിയന്ത്രിക്കപ്പെടേതാണ്.

ആർഭാടജീവിതം പ്രകൃതിയെ കൂടുതൽ കൂടുതൽ ചൂ ഷണം ചെയ്യാൻ പ്രേരകമാണ്. വ്യവസായങ്ങൾ വർദ്ധിക്കുന്നു. ജല-വായു-ശബ്ദ-മലിനീകരണങ്ങൾ കുതിച്ചുയരുന്നു. അങ്ങനെ ലോകം വാസയോഗ്യമല്ലാതായിത്തീർന്നുകൊിരിക്കുകയാണ്. വ്യവസായിക രാഷ്ട്രങ്ങളിലെയും മേഖലകളിലെയും നദികളിലും മറ്റുജലാശയങ്ങളിലും ഉള്ള വെള്ളം കുളിക്കാനോ ജലസേചനത്തിനുപോലുമോ ഉപയുക്തമല്ല. ഈ വിപത്ത് മുന്നിൽക്ക് പ്രകൃതിയെ പരമാവധി ഉപദ്രവിക്കാത്തവിധം ലളിതജീവിതത്തിലേയ്ക്ക് നാം മടങ്ങേിയിരിക്കുന്നു. അത്യാവശ്യ സൗകര്യങ്ങളെ നാം ഉപേക്ഷിക്കണമെന്നല്ല പറയുന്നത്. ആർഭാടത്തിന് കടിഞ്ഞാണിടണം. ഫാനിട്ടുറങ്ങുന്നത് നാം ശീലമാക്കുമ്പോൾ അത് കറങ്ങുന്ന സമയമത്രയും മുറിയിലെ പൊടിയെ അടിച്ചുപരത്തുകയാണെന്ന് ഓർമ്മ വേണം.

പ്രകൃതി വിഭവങ്ങളുടെ അമിത ചൂഷണം ഇന്ന് ശാസ്ത്രശ്രദ്ധയിൽ പതിഞ്ഞിട്ടു്. അത് പൂർണ്ണമായും ജനഹൃദയങ്ങളിലേയ്ക്ക് പകരേു്. ആസ്വദിച്ച് ശീലിച്ച സുഖസൗകര്യങ്ങൾക്ക് സ്വയം നിയന്ത്രണം വരുത്താൻ ത്യാഗവും ആത്മശക്തിയും പ്രകടമാക്കണം. അതിന് എല്ലാവരും തയ്യാറാവണം. അല്ലാത്തപക്ഷം പ്രകൃതി മരിച്ചുപോകും. അതിനു മുമ്പുതന്നെ ജീവലോകം അസ്തമിക്കും. പൂമ്പാറ്റകളും തേനീച്ചകളും നശിച്ചാലെന്ത് എന്നു നമുക്ക് തോന്നാറില്ലേ? അതോടെ ഫലോല്പാദനം നിലയ്ക്കും. ഫലങ്ങളും വിത്തുകളും കൂടാതെ നാമെങ്ങനെ ജീവിക്കും? കില്ലേ ഭക്ഷണശൃംഖലയുടെ ദാർഢ്യത!

ലളിതജീവിതത്തിന് ബോധനവും പ്രേരണയും പ്രോത്സാഹനവും നിർബന്ധവും സഭയിൽ നിന്ന് ഉാകേിയിരിക്കുന്നു. എല്ലാ ജീവിതരംഗങ്ങളിലും മിതത്വവും ലാളിത്യവും പുലർത്തുവാൻ സഭ മാർഗ്ഗദർശനം നൽകണം. പരിസരവും, ശരീരവും, മന ും ശുചിയായി സൂക്ഷിക്കുന്നതിന് നിരന്തരം ജനത്തെ പ്രബോധിപ്പിക്കണം. പ്രകൃതിയെ പരിപാലിക്കുന്നതിനും പ്രകൃതി വിഭവങ്ങളെ വിവേകപൂർവ്വം പ്രയോജനപ്പെടുത്തുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനും  ഇളംതലമുറയ്ക്ക് മാർഗ്ഗദർശനം നൽകുന്ന

*മെത്രാപ്പോലീത്തായുടെ കത്ത്*

# ചരിത്രരചന ഏക്യുമെനിക്കൽ കാഴ്ചപ്പാടിലാകണം

**കേ**രളത്തിലെ മിക്ക ക്രൈസ്തവസഭകളും അനിതരസാധാരണമായ ചരിത്രബോധം ഉള്ളവയാണ്. ഓരോ സഭയ്ക്കും സ്വന്തമായ രചിതചരിത്രവും ചരിത്രഭാഷ്യവുമു്. സഭാചുമതലകൾ ഇല്ലാത്ത സ്വതന്ത്ര ചരിത്രകാരന്മാർ എഴുതുന്ന രചനകളിലും, അവർ ഉൾപ്പെട്ട സഭയുടെ ചരിത്രഭാഷ്യം സാധൂകരിക്കാനാണ് ശ്രമിക്കുക. ചരിത്രരചന സംബന്ധിച്ച് പഠനമില്ലാത്തവരുടെയും രീതിശാസ്ത്ര നിബന്ധനകൾ ഒന്നും പാലിക്കാത്ത ചരിത്രകാരന്മാരുടെയും കൃതികൾ ഇന്ന് പുസ്തക വിപണിയിൽ ധാരാളം കാണാം. ഏതെങ്കിലും സഭാവിഭാഗവുമായുള്ള ബന്ധമാണ് ഇവരുടെ ചരിത്രവ്യാഖ്യാനത്തെ നിയന്ത്രിക്കുന്ന പ്രധാന ഘടകം. സഭയുടെ കാഴ്ചപ്പാടിൽ നിന്ന് വ്യത്യസ്തമായ മൗലീക സ്വഭാവമുള്ള ഒരു നിഗമനവും ഇവരുടെ ഗ്രന്ഥങ്ങളിൽ കാണാറില്ല. അ തായത് വിരുദ്ധങ്ങളായ ചരിത്രഭാഷ്യം നിലനിർത്തുന്ന സഭകളുടെ താല്പര്യങ്ങൾ പ്രതിനിധീകരിക്കുന്നവയാ ണ് കേരളത്തിലെ സഭാചരിത്രരചനകൾ മിക്കതും.

ഇവിടെ ചരിത്രരചനയിൽ ഏർപ്പെടുന്നവർക്ക് ചില വ്യക്തമായ ലക്ഷ്യങ്ങൾ ു് എന്നത് അവരുടെ പുസ്കതകങ്ങൾ തന്നെ സാക്ഷ്യപ്പെടുത്തുന്നു. അതായത് തങ്ങൾ ഉൾപ്പെടുന്ന സഭയുടെ ചരിത്രഭാഷ്യം സാധൂകരിക്കുന്നതിനാണ് അവർ തങ്ങളുടെ രചനകളിലൂടെ ശ്രമിക്കുന്നത്. താഴെ കൊടുക്കുന്ന താല്പര്യങ്ങൾ കേരളത്തിലെ സഭകൾ തങ്ങളുടെ ചരിത്രഭാഷ്യത്തിൽ പ്രതിഫലിപ്പിക്കുന്നു.

1. ഓരോ സഭയും തങ്ങൾ മാർത്തോമ്മാ ശ്ലീഹായുടെ പ്രേക്ഷിത പ്രവർത്തനഫലമായി സ്ഥാപിതമായ സഭയുടെ വർത്തമാനകാല രൂപമെന്ന് സമർത്ഥിക്കുക.

2. കേരളത്തിലെ ഇതരസഭകളെല്ലാം ഓരോ കാലത്തും സാഹചര്യത്തിലും തങ്ങളിൽ നിന്ന് അവരുടെ കുഴപ്പംകൊ് വേർപെട്ട് രൂപം കൊതായി സ്ഥാപിക്കുക.

3. വിഭജനത്തിന്റെ സമയത്തെല്ലാം മുൻതലമുറയിലെ വിശ്വാസവും നടപടികളും നിലനിർത്തിയത് തങ്ങളാണെന്ന് ബോധ്യപ്പെടുത്തുക.

4. യഥാർത്ഥ അപ്പോസ്തോലിക പാരമ്പര്യവും, വിശ്വാസവും, പൈതൃകവും നിലനിർത്തിയ തങ്ങൾ ഇതര സഭകളേക്കാൾ ശ്രേഷ്ഠരെന്ന് അഭിമാനം സൃഷ്ടിക്കുക.

5. മറ്റു സഭകളുടെ നിലനിൽപ്പ് തങ്ങൾക്ക് ഭീഷണി ഉയർത്തുന്നു എന്ന് ചിന്തിക്കുന്നതുകൊ് ജനങ്ങളെ സ്വന്തം സഭാപാരമ്പര്യത്തോട് വിശ്വസ്തരാക്കുകയും അതിനുവേി ത്യാഗം ചെയ്യാൻ ഒരുക്കുകയും ചെയ്യുക.

6. ഇതരസഭകളുടെ ചരിത്രഭാഷ്യങ്ങൾക്ക് ഖണ്ഡനവിമർശനമെഴുതി സ്വന്തം വിശ്വാസികളെ കൂടെ നിർത്തുവാൻ ശ്രമിക്കുക.

സഭകളുടെ ചരിത്രഭാഷ്യം സ്വാ ധീനിച്ച വിശ്വാസികളെ സഭയുടെ ഐ ക്യപ്രക്രിയയിൽ പങ്കാളികളാക്കുക എളുപ്പമല്ല. അതുകൊ് സഭൈക്യശ്രമത്തിന്റെ ഭാഗമായി ഒരു എക്യുമെനിക്കൽ ചരിത്രദർശനവും ചരിത്രഭാഷ്യവും എത്രയും അടിയന്തരമായി സൃഷ്ടിക്കപ്പെടണമെന്ന ചിന്തയാണ് ഈ കുറിപ്പെഴുതാൻ പ്രേരകമായത്.

നിശ്ചയമായും സഭാചരിത്രം വി ശ്വാസികളെ സംബന്ധിച്ച് പ്രധാനമാണ്. സഭയുടെ വിശ്വാസവും, സംസ് കൃതിയും, അതുവഴിയുള്ള സ്വത്വബോധവും എല്ലാം രൂപപ്പെടുന്നത് അതിന്റെ ചരിത്രത്തിലാണ്. ചരിത്രപശ്ചാത്തലം ഇല്ലാത്ത ഒരു വിശ്വാസസംഹിതയ്ക്കും ചരിത്ര സാമൂഹിക അനുഭവങ്ങളിൽ നിന്ന് സ്വതന്ത്രമാ യ വിശ്വാസരൂപത്തിനും പൂർണ്ണ ആധികാരിതകയു് എന്നു പറയാനാവില്ല. അതുകൊ് സഭയുടെ വിശ്വാസം, ആരാധന, പാരമ്പര്യം, സംസ്ക്കാരം എന്നിവയെല്ലാം രൂപപ്പെടുത്തിയ ചരിത്രവുമായുള്ള പരിചയം വിശ്വാസിക്ക് ലഭിക്കേത് സത്യസന്ധമായ ചരിത്ര-സമൂഹിക പഠനങ്ങളിലൂടെയാണ്.

സ്വന്തം മത-ആദ്ധ്യാത്മീക ജീ വിതം കത്തെുന്നത് ചരിത്രപഠനത്തിലൂടെയാണ്. ചരിത്രത്തിൽ പ്രവർ ത്തിക്കുന്ന ദൈവത്തെയും കാലഘട്ടങ്ങളിലൂടെ ആർജ്ജിച്ച വിശ്വാസത്തെ യും ചരിത്രാധിഷ്ഠിതമായ വി ശ്വാസ അനുഭവത്തെയും ക്രൈസ്തവചിന്ത ഗൗരവമായി എടുക്കുന്നു. കേരളത്തി ലെ ക്രൈസ്തവരെ സംബന്ധിച്ച് അവർക്ക് വിശ്വാസാനുഭവം പകർന്നുകൊടുത്ത ഗതകാലചരിത്രം അതുകൊ് വളരെ പ്രധാനംതന്നെ. ഇവിടത്തെ ക്രൈസ്തവസഭയുടെ വിശ്വാസം വേരൂന്നി നിൽക്കുന്നത് 2000 വർഷത്തെ ദൈവാനുഭവ ചരിത്രത്തിലാണ്. ഈ ചരിത്രപശ്ചാത്തലത്തിൽ നിന്നാണ് അതിന്റെ ആദ്ധ്യാത്മീകതയും, ധാർമ്മികതയും, ധൈഷണികതയും, സംസ്കൃതിയുമെല്ലാം രൂപം കൊത്. തങ്ങളുടെ മതജീവിതത്തിന്റെ അടിത്തറയായ ചരിത്ര പശ്ചാത്തലവും അതിൽ നിന്ന് രൂപംപ്രാപിച്ച അവബോധവും നഷ്ടപ്പെടുത്തി ഒരു ആദ്ധ്യാത്മീക സമൂഹ

*News Review*

# Brutality At Its Worst

**Master Stephen Marydas**

Kerala Society was shocked by the recent incident in which Soumya, a 23 year old girl, was brutally murdered by a man in the Ernakulam-Shornur passenger train. This incident, along with many other similar occurrences, have made us realize that, eventhough women have be-come more self dependent, they are not safe in our society. Though financially independent, the present situation in our society does't allow her to live securely without the protection from a man. And is this justifiable?

Indian culture is one that revers women as no other culture does in this world. Every Indian is taught to consider any other women as his own mother or sister and this very own culture is being tainted by this kind of brutal misbehaviours against womanhood. Now our society is being degraded to such a level that one will have to remain emotionless towards similar mishappenings even to one's own mother or sister. It is high time that we thought and debated about what is leading our society to such a peril of morality.

One reason for this can be attributed to the increasing alcoholism and drug-addiction amongst the youth . These practices shatter their moral senses and conscience that they become beastly and inhuman. The culprit of the afore-said incident is also a drug addict and highly alcoholic.

Another reason for this is the lack of strictness of the existing laws. It has become possible for the accused to escape with minor and incospicuous punishments. They hardly have anything to fear, as well.

The beaurocrats and Govt. officials are, upto some extent, ignorant or lenient towards such people and often these offenders are backed by these officers who are willing to give up their morality for money and power. It may also happen due to lack of efficiency of bureaucrats.

Another major reason is the inertness of the general public on responding to such unforgivable acts of immorality. People have become so self-centered that they fail to act against such evils.

We, children, are the future bureaucrats and citizens. If we are to follow the path of this generation, our society will have to face even worse threats and it is we who are to bring back the lost purity of our culture. Let us not fall preyto alcholism and drug-addiction. And when we are entering into our career, our focus shoud not be centered only on monitory benefits but also on our moral responsibility towards society From this day forth, let us promise to do our bit in making the lives of our fellow sisters-who sacrifice their lives for our families, children and societies, happier and safer.

Let me conclude by paying homage to Soumya and hoping that her sad fate won't happen to any

---

മായി അതിന് നിലകൊള്ളാനാവില്ല. ഒരു വിശ്വാസി യെ സംബന്ധിച്ച് വ്യക്തിപരമായ വി ശ്വാസാനുഭവം അനുപേക്ഷണീയമാണ്. എന്നാൽ അസ്തിത്വപരമായ ഈ വിശ്വാസാനുഭവം സഭയുടെ ചരിത്രസൃഷ്ടിതമായ ഗതകാല മത-സാമൂഹിക അനുഭവങ്ങൾക്ക് അന്യപ്പെട്ടതാകുവാൻ ആവില്ല. അതുകൊ് ചരിത്രം നിഷേധിക്കാൻ വിശ്വാസസമൂഹത്തിന് ഒരുതരത്തിലും സാധിക്കുകയില്ല. ചരിത്രബന്ധിയല്ലാത്ത ആദ്ധ്യാത്മീക മതാനുഭവങ്ങൾ ആഴവും സ ത്തയുമില്ലാത്ത മനോവിഭ്രാന്തിയായി മാത്രമേ പരിഗണിക്കപ്പെടുകയുള്ളൂ.

എന്നാൽ ഇന്ന് രചിക്കപ്പെടുന്ന സെക്റ്റേറിയൻ ചരിത്രഭാഷ്യങ്ങൾ ആധികാരിക ചരിത്ര അനുഭവങ്ങൾ ആണെന്ന് പറയാനാവില്ല. ഇവിടെ വസ്തുതകളുടെ തമസ്ക്കരണം, സം ഭവങ്ങളുടെ വളച്ചൊടിക്കൽ, സ്വന്തം ഇഷ്ടത്തിനനുകൂലമായി കാര്യങ്ങളുടെ മേലുള്ള ബലപ്രയോഗം (mani-pulation) ഇവയെല്ലാം നടക്കുന്നു. അതോടെ ചരിത്രം സ്വന്തം നിലപാടിനെ സാധൂകരിക്കുവാനുള്ള മാധ്യമമായി മാറുന്നു. തങ്ങളുടെ ചരിത്രവീക്ഷണത്തിന് ചേരാത്തവ മറച്ചുവയ് ക്കുകയും മറ്റ് ചിലവയെ അനുകൂലമാക്കുകയും രീതിശാസ്ത്രത്തിന്റെ നിബന്ധനകൾ നിരസിക്കുകയുമെല്ലാം ഇവിടെ ചെയ്യുന്നു. അതോടെ ആധികാരികതയില്ലാത്ത ചരിത്രഭാഷ്യമാ ണ് ഓരോ സഭയുടെയും മതജീവിതത്തിന് അടിസ്ഥാനമായിത്തീരുന്നത്. അങ്ങനെ വിശ്വാസിയുടെയും വിശ്വാസസമൂഹത്തിന്റെയും വിശ്വാസപ്രപഞ്ചവും, ആദ്ധ്യാത്മികതയും, സ്വത്വബോധവും എല്ലാം ആധികാരികത നഷ്ടപ്പെട്ട അവസ്ഥയിലെത്തുന്നു. സത്യസന്ധമായ ചരിത്രദർശനം മനുഷ്യനെ സ്വതന്ത്രമാക്കുന്നുവെങ്കിൽ വളച്ചൊടിച്ച കാഴ്ചപ്പാട് അസ്വാതന്ത്ര്യത്തിലേയ്ക്കും അടിമത്തത്തിലേ യ്ക്കും അവനെ നയിക്കുന്നു. അതുവഴി അവൻ മൗലീ

# സഭാശുശ്രൂഷയിൽ
# ര് പതിറ്റാുകൾ-10

**ഡോ. തോമസ് മാർ അത്താനാസ്യോസ്**

സഭാഭരണഘടന ഔപചാരികമായി അംഗീകരിച്ച് അതിൻപ്രകാരമുള്ള സംവിധാനത്തിന് വിധേയത്വം പ്രഖ്യാപിച്ചവർക്ക് അവരവർ വഹിച്ചിരുന്ന സ്ഥാനങ്ങളിൽ തുടർന്ന് പ്രവർ ത്തിക്കാം എന്ന സുപ്രീംകോടതിയു ടെ ഉത്തരവിൻ പ്രകാരം 1970 നു ശേഷം വാഴിക്കപ്പെട്ട ഓർത്തഡോ ക്സ് കക്ഷിയിലെ എല്ലാ മേൽപ്പട്ടക്കാരും പാത്രിയർക്കീസ് വിഭാഗത്തി ലെ മൂന്ന് മെത്രാപ്പോലീത്താമാരും ഭരണഘടനയോട് കൂറ് പ്രഖ്യാപിച്ച് പ്രതിജ്ഞാപത്രം പരി. കാതോലിക്കാബാവയുടെ പക്കൽ രേഖാമൂലം നൽകി. ഇതിന്റെ തുടർനടപടിയുടെ ഭാഗമായി കനാട് ഭദ്രാസനത്തിൽ ഇരുപക്ഷത്തുമായി ചുമതല നിർവ്വഹിച്ചിരുന്ന മാത്യൂസ് മാർ സേവേറിയോസ് തിരുമേനിയും ഞാനും ഞ ങ്ങൾ വഹിച്ച് വന്നിരുന്ന തസ്തികകളിൽ തുടർന്നും ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിന് പ രി. കാതോലിക്കാ ബാവ കല്പന തന്നിരുന്നു (78/97). ആ കല്പന പ്രകാരം ഓരോരുത്തരുടെയും പൂർണ്ണ നിയന്ത്രണത്തിലുള്ള പള്ളികളിൽ ഭരണം അങ്ങനെതന്നെ തുടരണമെന്നും ഇരുവിഭാഗക്കാർക്കും സംവിധാനമുള്ളിടങ്ങളിൽ ഇരുവരും ചേർന്ന് ആലോചിച്ച് യോജിപ്പോടെ ഇടവക കാര്യങ്ങൾ നിർവ്വഹിക്കണം എന്നുമായിരുന്നു നിർദ്ദേശം.

കോടതിവിധി പ്രകാരമുള്ള ക്രമീകരണനിർദ്ദേശം ഈ കല്പനവഴി പ്രാബല്യത്തിൽ വരികയായിരുന്നു. യോജിപ്പിനുള്ള സുവർണ്ണാവസരമായി ഈ കാലഘട്ടത്തെ എടുക്കണമെന്ന് ഞാൻ പള്ളിക്കാരെ അറിയിച്ചു. തർക്കമുായിരുന്ന പല പള്ളികളിലും വളരെ അനുകൂലമായ പ്രതികരണമാണ് ഉായത്. ഐക്യശ്രമങ്ങൾ സജീവമായി. കക്ഷിവഴക്കുായിരുന്ന കടമറ്റം, കോലഞ്ചേരി, പിറവം, മാമലശ്ശേരി, പുതുവേലി, പാലക്കുഴ എന്നിവിടങ്ങളിലെല്ലാം താരതമ്യേന നല്ല അനുരണനമാണ് സൃഷ്ടിക്കപ്പെട്ടത്. ആയിടെ രൂപംകൊ 'നിയോ അന്ത്യോഖ്യൻ' വിഭാഗം ഇതിന് തടയിടാൻ ശ്രമിച്ചെങ്കിലും അത്രതന്നെ ഫലപ്രദമായില്ല.

തർക്കമുായിരുന്ന പള്ളികളിൽ എല്ലാംതന്നെ സൃഷ്ടിക്കപ്പെടേ ഭരണക്രമീകരണങ്ങളെപ്പറ്റി യും ആലോചന തുടങ്ങി. കടമറ്റമായിരുന്നു ആദ്യം ചർച്ച തുടങ്ങിവച്ച ഒരിടവക. മൂവായിരത്തോളം ഭവനങ്ങളുള്ള ആ ഇടവകയിൽ കാലങ്ങളായി കക്ഷിഭിന്നത നിലനിന്നിരുന്നു. സഭാനേതൃത്വത്തിന്റെ പ്രതിനിധികളുടെ സാന്നിധ്യത്തിലായിരുന്നു ഔപചാരിക ചർച്ചകൾ നടന്നത്. അവിടെ മുൻ കാതോലിക്കാ വിഭാഗം ന്യൂനപക്ഷമായിരുന്നെങ്കിലും തുല്യപങ്കാളിത്തത്തോടെയുള്ള ഭരണസംവിധാനത്തിന് എന്നെ പിന്തുണച്ചിരുന്നവർ സന്നദ്ധരായിരുന്നു. അതായത് വികാരി-ട്രസ്റ്റി സ്ഥാനങ്ങളിൽ ഒന്നും, കമ്മിറ്റിയംഗങ്ങളിൽ പകുതിയും ഓരോ വിഭാഗത്തിന് എന്ന അവസ്ഥയിലാണ് ഐക്യത്തെ തുടർന്നുള്ള ഭരണസംവിധാനത്തിന്റെ ഘടനയെപ്പറ്റി അവർ വിഭാവനം ചെയ്തത്. എന്നാൽ ഈ അനുരഞ്ജന സമീപനമായിരുന്നില്ല മാത്യൂസ് മാർ സേവേറിയോസ് തിരുമേനി നേതൃത്വം നൽകിയിരുന്ന സമൂഹത്തിനുായിരുന്നത്. വികാരി സ്ഥാനവും ട്രസ്റ്റി സ്ഥാനവും തങ്ങൾ ക്കുതന്നെ കിട്ടണമെന്ന ശാഠ്യമായിരുന്നു അവർ പ്രകടിപ്പിച്ചത്. സഹപട്ടക്കാരൻ, സഹട്രസ്റ്റി സ്ഥാനങ്ങൾ വേ ണമെങ്കിൽ മറ്റുപക്ഷക്കാർ എടുത്തുകൊള്ളട്ടെ എന്ന ചിന്തയായിരുന്നു അവരുടേത്. ഈ ര് തസ്തികക ളും ഭരണഘടനപ്രകാരം അധികാരസ്ഥാനങ്ങളല്ല, സഹായിസ്ഥാനങ്ങൾ മാത്രമാണ്. ചുരുക്കത്തിൽ അധികാര സ്ഥാനങ്ങൾ പൂർണ്ണമായും കയ്യടക്കാനുള്ള മുൻ കാതോലിക്കാ പക്ഷത്തിന്റെ നീക്കം മുൻ പാത്രിയർക്കീസ് വിഭാഗത്തെ അസംതൃപ്തരാക്കി. പള്ളിയിലെ കാതോലിക്കാ പക്ഷത്തിന്റെ നിലപാടുതന്നെയായിരുന്നു ആ വിഭാഗത്തിന്റെ ഭദ്രാസന നേതൃത്വത്തിന്റെയും എന്നു വ്യക്തമായതോടെ അനുരഞ്ജനം നീതിപൂർവ്വമാകില്ല എന്നുറപ്പായി. ഇടവകയിലെ സുസ്ഥിരവും നിലനിൽക്കുന്നതുമായ ഐക്യത്തിന് ഒത്തുതീർപ്പ് നീതിപൂർവ്വമായിരിക്കേിന്റെ അനിവാര്യതയെപ്പറ്റി സഭാനേതൃത്വത്തിനും ധാരണയുായിരുന്നതായി തോന്നിയില്ല. സഭാകേന്ദ്രവും നീതിബോധം പ്രകടിപ്പിക്കാൻ തയ്യാറാകാത്തതോടെ എന്റെ സഹോദരങ്ങളുടെ ഐക്യാവേശം തണുത്തു. ഇടവകയിൽ സമാധാനം നടക്കേരീതിയിൽ നടക്കുമോ എന്നതു സംബന്ധിച്ച് ആശങ്ക പടർന്നു. സഭാസമാധാനത്തെ പ്രതിയാണ് കനാട് ഭദ്രാസനത്തിലെ പാത്രിയർക്കീസ് വിഭാഗത്തിലെ മെത്രാപ്പോലീത്തായും, വൈദീകരും, ജനങ്ങളും ചേർന്ന് സഭൈക്യത്തിന് തീരുമാനം എടുത്തത്. അതിനെ പി ന്തുണയ്ക്കേുന്നവരിൽ നിന്ന് കി ട്ടിയ നി ഹകരണത്തിന്റെ സൂചനയായിരുന്നു ഇത്. അവരെ അപമാനി ച്ച് പ്രതിസന്ധിയിലാക്കുക എന്നതായിരു ന്നു മുൻ കാതോലിക്കാ പക്ഷത്തിന്റെ പ്രാദേശിക നേതൃത്വത്തിന്റെ നയം. നീതിപരമല്ലാത്ത നയവും, സ മീപന

വും തിരുത്താൻ സഭാനേതൃ ത്വം ശ്രമിക്കുമെന്ന പ്രതീക്ഷയും അ സ്ഥാനത്തായി. തികഞ്ഞ ധാർമ്മിക ദുർബ്ബലതയാണ് സഭാനേതൃത്വം പ്ര കടിപ്പിച്ചത്. അവർ പ്രാദേശിക കാ തോലിക്കാകക്ഷി നേതൃത്വത്തെ പ്ര കടമാ യി പിന്താങ്ങിയില്ല. എങ്കിലും നീതിപൂർവ്വമായ ഐകൃത്തിന് സഹായമായ സാഹചര്യം സൃഷ്ടി ക്കേ ബാധ്യത വിസ്മരിച്ച് നി ഹാ യത പുലർത്തി പ്രയോഗത്തിൽ അന ീതി ക്ക് കൂട്ടുനിന്നു.

ചർച്ചകളിലും ഐക്യശ്രമങ്ങ ളി ലും പുലർത്തേ പക്വത, സംവേ ദനത്വം, മാന്യത ഇവയൊന്നും പ ുലർ ത്താൻ ചർച്ചാ പങ്കാളികൾ തയ്യാറാകേതിന്റെ ആവശ്യബോധം ഒരിടത്തും കില്ല. സഭാവിധിയെത്തു ടർന്ന് പ്രാദേശിക തലത്തിലെങ്കിലും സഭൈകൃത്തിന് തയ്യാറാകുന്ന വിശ്വാസസമൂഹത്തെ വിശ്വാസ ത്തിലെടു ത്ത് അവരെ ഉൾക്കൊ ള്ളാൻ തയ്യാറാകാതെ അതിനെ പ്ര തിരോധിച്ച്, മുൾ മുനയിൽ നിർത്തി ചെറുത്തുതോല്പിക്കുന്നതിൽ ആന ന്ദം കത്തെുന്നവരെ എങ്ങനെ വിശേ ഷിപ്പിക്കണം എന്നെനിക്കറിയില്ല. ഐകൃത്തിൽ വരാൻ മടിച്ച പ ാത്രിയർക്കീസ് വിഭാഗത്തിലെ സദു ദേശമുള്ളവരെയും എന്റെ കൂട്ട ത്തിൽ ഇറങ്ങിത്തിരിച്ചവരെയും പിന്നോട്ടുവലിച്ചതിന് കാരണം മേൽപ്പറഞ്ഞ സമീപനം നൽകിയ ദുസൂചനയാണ്. എന്തുവന്നാലും പിന്മാറുകയില്ല എന്ന നിർബന്ധബു ദ്ധിയുള്ളവർക്കും എന്തും സഹി ക്കാൻ മന ുള്ളവർക്കും മാത്രമേ സഭാഐക്യത്തിൽ പങ്കുചേരാനും, നിലനിൽക്കുവാനും സാധിക്കുക യുള്ളൂ എന്നത് ഈ പരീക്ഷണങ്ങൾ നൽകിയ ഗുണപാഠമാണ്.

ഐക്യശ്രമങ്ങളിൽ അവഹേ ളനവും അപമാനവും ഒക്കെ സംഭ വിക്കാം. ഇതിൽ പ്രത്യേകതയൊന്നു മില്ല. അത്ഭുതപ്പെടേ കാര്യവുമില്ല. അവഹേളിക്കുന്നവരുടെ പൂർവ്വച രിത്രം പരിശോധിച്ചാൽ ഇവരുടെ പിൻതലമുറക്കാരാരും സഭയിൽ ആരും ആയിരുന്നില്ല എന്ന് കാണാം. കാലം മാറിവന്നപ്പോൾ സഭയിൽ ഏതെങ്കിലുമൊക്കെ തസ്തിക തര പ്പെടുത്തി സ്വന്തം കാര്യം നേടുന്ന തിന് സഭയെ ഉപയോഗപ്പെടുത്തിവ രുന്നു എന്നുമാത്രം. എന്നാൽ മലങ്ക രസഭയുടെ ഗതകാലചരിത്രം രചി ക്കുന്നതിൽ പങ്കുവഹിച്ചവരുടെ പ ിൻതലമുറക്കാർക്ക് ഇത്തരം വ്യക്തി കളിൽ നിന്നും അപമാനം ഏല്ക്കേി വരുമ്പോൾ അത് സഭയെപ്രതി സഹിക്കുവാൻ അവർ തയ്യാറാകു ന്നു. അതിന്റെ പേരിൽ ഇതിൽ ന ിന്നുപിന്തിരിഞ്ഞുകൊള്ളുമെന്ന് ആരെങ്കിലും ധരിച്ചുവച്ചിട്ടുങ്കെിൽ ആ കാര്യം നടക്കില്ല എന്ന് ഇനിയെ ങ്കിലും തിരിച്ചറിയുക.

തീർച്ചയായും അവഹേളനം കെ് പിന്തിരിഞ്ഞവർ കഴിഞ്ഞകാല ചരിത്രത്തിലുായിട്ട്. ഏത് പ്രതികൂല സാഹചര്യത്തിലും ഉറച്ചുനിന്നവരും ഉായിട്ട്. ഈ നിലപാടുകളുടെ ര് പ്രതിനിധികളാണ് കാലം ചെയ്ത ശ്രേഷ്ഠ കാതോലി ക്കാ ബേ ലിയേ ാസ് പൗലോസ് ര ാമൻ ബാവയും, വയലിപ്പറമ്പിൽ ഗ്രീഗോറിയോസ് തിരുമേനിയും. ര് പേരും ശ്രേഷ്ഠ രായ വ്യക്തികൾ. ഗ്രീഗോറിയോസ് തിരുമേനിയോട് എ നിക്ക് ആദരവ്. എങ്കിൽ ബാവയോട് അടുത്തബ ന്ധവും കടപ്പാടുമ്. അതുകെ് അവരെപ്പറ്റിയു ള്ള പരാമർശങ്ങൾ വ്യക്തിപരമായി ആരും പരിഗണി ക്കരുത്.

1958 ൽ സഭാസമാധാനത്തിന്റെ അന്നത്തെ പാത്രിയർക്കീസ് വിഭാഗ ത്തിലെ മുഖ്യ ശില്പികൾ വയലിപ്പ റമ്പിൽ ഗ്രീഗോറിയോസ് തിരുമേന ിയും അബ്രഹാം മാർ ക്ലീമീസ് തിരു മേനിയും കല്ലൂപ്പറമ്പിൽ ഗീവർഗീസ് അച്ചനും ആയിരുന്നു. എന്നാൽ സമാധാനം സ്ഥാപിതമായ ശേഷം ദേവലോകവുമായി ഏറ്റവും അടുപ്പം കാണിച്ചത് പൗലോസ് മാർ ഫീല ക്സിനോസ് തിരുമേനിയായിരുന്നു. പുത്തൻകാവ് അ ോസിയേഷനിൽ കാതോലിക്കേറ്റുമായി തന്റെ ബന്ധം ആചന്ദ്രതാരം നിലനിൽക്കുമെന്ന് പ്ര ഖ്യാപിച്ചതും അദ്ദേഹം തന്നെയാ യിരുന്നു. പിന്നെങ്ങനെ സഭാകേന്ദ്ര വുമായി വിഘടിച്ച് അന്ത്യോഖ്യൻ മൂവ് മെന്റിന് രൂപം കൊടുത്തു എന്നതിനെ സംബന്ധിച്ച് ആരും അന്വേഷിച്ചതായി കേട്ടില്ല. അതിന്റെ പിറകിൽ വ്യക്തിപരമായ ഒരു അപ മാനത്തിന്റെ കഥയ്. യോജിച്ചശേ ഷവും ഔ ഗേൻ മാർ തീമോത്തി യോസ് തിരുമേനിയും പൗലോസ് മാർ ഫീലക്സിനോസ് തിരുമേന ിയും തമ്മിൽ ബ ന്ധം ഹൃദ്യമല്ലാ യിരുന്നു. രുപേരും കനാട് ഭദ്രാസ നത്തിലെ സഹമെത്രാപ്പോലീത്താ മാരായി പ്രവർത്തിക്കുന്ന കാലത്ത് ഒരു ഭദ്രാസനത്തിൽ യോജിച്ച് ശുശ്രൂഷ ചെയ്യുന്നതിന് വേത്ര 'വർക്കിംഗ് അറേജ്മെന്റ്' ഒന്നും ഇല്ലാതിരുന്നതിനാൽ സ്വാഭാവിക മായി വന്നുപോയ പൊരുത്തക്കു റവുകൾ ഉായിരുന്നു. ഒരു ദിവസം വയറിളക്കം ബാധിച്ച തീമോത്തി യോസ് തിരുമേനിയെ ഫീലക്സിനേ ാസ് തിരുമേനി കോട്ടയത്ത് വിദ ഗ്ദ്ധ ചികിത്സ കിട്ടുന്നതിനായി ദേവലോ കത്താക്കി പാറത്തോട് ഗ്രെയ്സി മെമ്മോറിയൽ പള്ളിയിൽ എന്തോ കാര്യത്തിനായി പോയി. തീമോ ത്തിയോസ് തിരുമേനി ഫീലക്സി നോസ് തിരുമേനിക്കെതിരെയുള്ള തന്റെ ആരോപണങ്ങളുടെ കെട്ടഴിച്ച് ഗീവർ ഗീസ് ദ്വിതീയൻ ബാവായെ കേൾപ്പിച്ചു. ശുദ്ധാത്മാവായിരുന്ന ബാവാ ഇതെല്ലാം കേട്ട് ക്ഷുഭിതനാ യിരിക്കുന്ന സമയത്താണ് കൂട്ടുമെ ത്രാച്ചന്റെ രോഗാവസ്ഥ അറിയുവാന ായി പീലക്സിനോസ് തിരുമേനി മടങ്ങുന്നതു വഴി ദേവലോകത്ത് എത്തുന്നത്. കപാടെ ഗീവർഗീസ് ദ്വിതീയൻ ബാവാ ഫീലക്സിനേ ാസ് തിരുമേനിയുടെ താടിക്കുപ ിടിച്ചുലച്ചു. തുടർ ന്നു നടന്നത് അസഭ്യപദങ്ങളുടെ ശരവർഷമാണ്. അവഹേളിതനായി ഫീലക്സിനേ ാസ് തിരുമേനി നേരെ പോയത് പാല മ്പടത്തേയ്ക്കാണ്. സഭാസമാധാന

പ്രക്രിയയിൽ തന്റെ പങ്കാളിത്തം പരിമിതമായിരുന്നതുകൊ് സി.ജെ. കുര്യന് കിട്ടിയ അംഗീകാരം തനിക്കു ലഭിക്കാതെ അതൃപ്തിയിൽ കഴിഞ്ഞുവന്നിരുന്ന പാലമ്പടം ഡോ. പി.ടി. തോമസിന് ഈ കൂടിക്കാഴ്ച സന്തോഷമായിരുന്നു. പിറ്റേദിവസം പാലമ്പടത്തുനിന്ന് പുറത്തിറങ്ങിയപ്പോഴേയ്ക്കും അ ന്ത്യോഖ്യൻ മൂവ്മെന്റ് അവരുടെ മന ിൽ ആശയതലത്തിൽ രൂപം കൊ ിരുന്നു. വഴക്കുകാലത്ത് തങ്ങളോട് അടുപ്പമുായിരുന്നവരെ സംഘടിപ്പിച്ച് അന്ത്യോഖ്യൻ മൂവ്മെന്റ് എന്ന പേരിൽ ഐക്യസഭയ്ക്കെതിരെ ശക്തമായി രംഗത്തുവന്നു. ഇത് അവഹേളനത്തോടുള്ള ഒരു പ്രതികരണമാണ്. ര് വിഭാഗത്തിൽ പെട്ടവർ ഒന്നിക്കുമ്പോൾ മേൽക്കൈ കിട്ടിയവരിൽ നിന്ന് മറുഭാഗത്തിലുള്ളവർ അപമാനിതരാകുമ്പോൾ സ്വാഭാവികമായി സംഭവിക്കാവുന്ന ഒരു സാധാരണ പ്രതികരണ മാതൃകയാണിത്.

ഈ സംഭവത്തിൽ വയലിപ്പറമ്പിൽ തിരുമേനി ദുഃഖിതനായിരുന്നു. എങ്കിലും ഐക്യനിലപാടിൽ ഉറച്ചുതന്നെ നിന്നു. ഇതേത്തുടർന്ന് നടന്ന സുന്നഹദോസിൽ ബാവ തുറന്നടിച്ചു. ''ഒരുത്തൻ സഭവിട്ടുപോയി, വേറൊരുത്തൻ അപ്പുറം കടക്കാൻ വേലിയിലിരിക്കുന്നു.'' അപ്രതീക്ഷിതമായി വന്ന ഈ പരാമർശം സുന്നഹദോസിൽ കനത്ത നിശബ്ദത സൃഷ് ടിച്ചു. അല്പസമയം കഴിഞ്ഞപ്പോൾ ഗ്രീഗോറിയോസ് തിരുമേനി എഴുന്നേ റ്റ് നിന്നു. എന്ത് പ്രതികരണമു വും എന്നറിയാതെ ഉദ്വേഗഭരിതരായി സുന്നഹദോസ് അംഗങ്ങൾ അദ്ദേഹത്തിന്റെ മുഖത്തേയ്ക്ക് നോക്കി ശ്വാസം അടക്കിയിരുന്നു. വയലിപ്പറമ്പിൽ തിരുമേനി പ്രതിവചിച്ചു: ''ഇവിടെ ഇപ്പോഴുായ സംസാരം കന്നുപൂട്ടുകാരുടെ സംസ്കാരത്തിന് ചേർന്നതാണ്. എപ്പിസ്കോപ്പൽ സു ന്നഹദോസിന്റെ അദ്ധ്യക്ഷന് യോജിച്ചതല്ല. മെത്രാച്ചന്മാരെ അവൻ, ഇവൻ എന്നൊക്കെ വിളിച്ചോ, കേട്ടോ എനിക്ക് പരിചയമില്ല. ആരെപ്പറ്റിയൊക്കെയാണ് സംസാരിച്ചതെന്ന് എനിക്കറിയാം. പുറത്തുപോയവൻ എന്നു പറഞ്ഞത് ഫിലക്സിനോസ് ആബൂനെപ്പറ്റിയാണ്. എങ്ങനെ അത് സംഭവിച്ചു എന്നും എനിക്കറിയാം. ഏതായാലും അത് നിർഭാഗ്യകരമായിപ്പോയി. എങ്കിലും ഞാൻ അദ്ദേഹത്തിന്റെ നിലപാടിനെ നീതീകരിക്കുന്നില്ല. രാമത് പറഞ്ഞ വേലിപ്പുറത്തിരിക്കുന്നതായി പരാമർശിക്കപ്പെട്ട വ്യക്തി ഞാനായിരിക്കണം. എന്നാൽ ഈ കാര്യത്തിൽ ബാവയ്ക്ക് തെറ്റുപറ്റി. ഞാൻ എങ്ങും പോകാൻ ഉദ്ദേശിക്കുന്നില്ല. ഞാൻ പുറത്തുപോകുമെന്ന് ആരും കണക്കുകൂട്ടുകയും വേ. ഇത് എന്റെ സഭയാണ്. ഞാൻ എവിടെ പോകാനാണ്?'' ഇത് അപമാനത്തോടുള്ള മറ്റൊരു പ്രതികരണം. ഇങ്ങനെ പ്രതികരിക്കണമെങ്കിൽ സ്വന്തം വികാരങ്ങൾക്കുപരിയായി സഭയുടെ നന്മയും ഭാവിയും ചിന്തിക്കണം. ക്ഷിപ്രകോപിയായ തന്റെ നാവിൽ നിന്നു വീണുപോയ പിശകിൽ ആ പരിശുദ്ധ പിതാവ് ദുഃഖിച്ചു. പ്രശ്നവും തീർന്നു. സ്വന്തം അധികാരത്തിനും താല്പര്യത്തിനും പ്രാധാ ന്യം നൽകിയ സഭാനേതാക്കന്മാരുടെ നിലപാടുകളാണ് ഈ സഭയിൽ ഭിന്നതകൾ ഉാക്കിയതെന്ന് ചിന്തിക്കുക. അങ്ങനെയുള്ളവരാണ് പിളർപ്പ് നിലനിർത്തുന്നതും.

1995 നു ശേഷം നടന്ന ഭാഗികയോജിപ്പ് പൂർണ്ണമാകാതിരുന്നതിന് ഒരു കാരണം ഇരുഭാഗത്തുമുള്ള ചില നേതാക്കന്മാരുടെ ഇടുങ്ങിയ മന ും നിഷേധാത്മക നിപാടുകളും ആയിരുന്നു എന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഈ പ്രാവശ്യത്തെ യോജിപ്പുകാലത്തും മേൽപ്പറഞ്ഞതു പോലെ സമാന സംഭവങ്ങൾ നടന്നു. എബ്രാഹാം മാർ സേവേറിയോസ് തിരുമേനി യോജിച്ച സഭയിൽ നിന്ന് പിന്മാറി. അദ്ദേഹത്തിന് സഭ നൽകിയ ഉറപ്പുകൾ പാലിച്ചില്ല എന്നദ്ദേഹം വിശ്വസിക്കുന്നു. അതിന്റെ പേരിൽ സഭയോട് വിടപറഞ്ഞ് മറുഭാഗത്ത് സഹായമെത്രാപ്പോലീത്തയായി തുടരുന്നു. അദ്ദേഹത്തിന്റെ നടപടിയെ സാധൂകരിക്കാനോ, പിൻഗമിക്കാനോ അവശേഷിച്ചവരിലാരും ശ്രമിച്ചുമില്ല. അത് തടയാൻ ആവുംവിധം ഞാൻ ശ്രമിച്ചതുമാണ്. മലങ്കരസഭയുടെ ഐക്യത്തെപ്രതി ലാഭമായത് പല തും ത്യജിക്കാൻ തയ്യാറായത് ഏതെങ്കിലും നേട്ടം ഉാക്കുക ലക്ഷ്യമിട്ടായിരുന്നില്ല; സഭ വിഭജിച്ച് നിൽക്കുന്നതിലുള്ള ദുഃഖവും പരി. പാത്രിയർ ക്കീസ് ബാവായുടെ കൂടെ വ്യവസ്ഥാപിതമല്ലാതെ നിൽക്കുന്ന സഭയ്ക്ക് നീകാലഭാവിയിൽ നിലനിൽപ്പില്ല എന്ന ബോധ്യവും, യോജിക്കാനുള്ള അനുയോജ്യമായ സാഹചര്യം കോടതിവിധി സൃഷ്ടിച്ചു എന്ന ചിന്തയുമാണ്. ഏതെങ്കിലും നേട്ടം ഉാക്കുകയായിരുന്നു ലക്ഷ്യമെങ്കിൽ വിഘടിച്ചുനിന്ന് അത് നേടാൻ പ്രാപ്തിയുള്ളവരാണ് മലങ്കരസഭയിൽ തുടരുന്ന മൂന്ന് മെത്രാച്ചന്മാരും. അത് മന ിലാക്കാതെ ഞങ്ങൾ മറ്റെവിടെയൊക്കെയോ പോകുമെന്ന ദുഷ്പ്രചരണം ഭരണഘടന സ്വീകരിച്ച നാൾ മുതൽ നിലനിൽക്കുന്നു. ഈ പ്രചാരണകലയിൽ മേൽപ്പട്ടക്കാരുൾപ്പെടെ ഉള്ളവർ മത്സരിക്കുന്നു എന്ന കാര്യവും ഞാൻ വിസ്മരിക്കുന്നില്ല. അവഹേളിതരായി പുറത്തുപൊയ്ക്കൊള്ളും എന്ന കണക്കുകൂട്ടലാണ് പലർക്കും ഉള്ളത്. ആ ആഗ്രഹം തല്ക്കാലം മാറ്റിവയ്ക്കുക. ഐക്യത്തിനിറങ്ങിയ കാലം മുതൽ ഉായ അവഹേളനങ്ങളും ദുഷ്പ്രചരണങ്ങളും മനം മടുപ്പിക്കുന്ന കാ ര്യം ശരിയാണ്. എന്നാൽ സഭാസ്നേഹമുള്ള ഒരു വ്യക്തിയുടെ തീരുമാനം ചുറ്റുപാടുള്ളവരുടെ സമീപനത്തിന്റെ അടിസ്ഥാനത്തിലല്ല. സ്വന്തം ബോധ്യത്തിന്റെയും മന ാക്ഷിയോടുള്ള സത്യസന്ധതയുടെ യും അടിത്തറയിലാണ് എന്നു മന ിലാക്കിയാൽ കൊള്ളാം. ഇവിടെ വയലിപ്പറമ്പിൽ തിരുമേനിയുടെ പ്രതികരണമാതൃകയാണ് അവലംബം. അതുകൊ് അപമാനം മടുത്ത് ഞങ്ങൾ പിന്മാറുമെന്ന്

മനപ്പായസം കുടിക്കേില്ല. സഭൈ കൃത്തിന് തയ്യാറായ കാലം മുതൽ എനിക്കുവേി പ്രാർത്ഥിക്കുകയും എന്നെ വ്യക്തിപരമായി സ്നേ ഹിക്കുകയും ചെയ്യുന്ന നേർബുദ്ധി യും കരുതലുമുള്ള മുൻ കാതോലിക്കാ പക്ഷത്തെ നിരവധി ജനങ്ങളെ യും വൈദീകരെയും മേൽപ്പട്ടക്കാരെയും മറന്നുകൊല്ല ഈ കാര്യങ്ങൾ പറയുന്നത്. അവരുടെ സ്നേഹം എന്നും ഒരു ശാക്തീകരണമായിരുന്നു.

അപമാനിതരായി എന്തിന് ഞങ്ങൾ മലങ്കര ഓർത്തഡോക്സ് സഭയിൽ തുടരുന്നു എന്നതാണ് പല അന്ത്യോഖ്യാവിശ്വാസികളുടെയും ചോദ്യം. അവഹേളനപാത്രമായിട്ടും സ്ഥലം വിടാത്തതെന്തെന്ന ചിന്തിക്കുന്നവർ നമ്മുടെയിടയിലുമു്. അവർ ഈ വിശദീകരണം കൊ് തൃപ്തരായി എന്നു വിശ്വസിക്കുന്നു. കടമറ്റം വിഷയത്തിൽ നീതിപൂർവ്വമായ തീർപ്പും ഇടവക സംവിധാനവും ഉാകാത്ത സാഹചര്യത്തിൽ കാര്യങ്ങൾ എങ്ങനെ മുന്നോട്ടുപോകും എന്നത് എനിക്ക് ഊഹിക്കാൻ സാധിച്ചു. ഇടവകയിൽ ഐക്യം ഉാകുമ്പോൾ ശുശ്രൂഷാ-ഭരണച്ചുമതലകൾ ന്യായമായ രീതിയിൽ പങ്കുവയ്ക്കാൻ ആവശ്യപ്പെടുന്നത് അധികാര-അവകാശക്കൊതികൊല്ല. അത് നടന്നില്ലെങ്കിൽ ഉാകാവുന്ന ദൂരവ്യാപകമായ ചില പ്രത്യാഘാതങ്ങൾ ഭയപ്പെട്ടിട്ടാണ്.

1. അത് ഇടവകഭരണത്തെ സന്തുലമാക്കി കൊുപോകാൻ സഹായിക്കുകയില്ല. ഐക്യപ്രക്രിയയിൽ തുല്യതാ പരിഗണനയും പരസ്പര ആദരവും അനുപേക്ഷണീയമാണ്.

2. ന്യായമായ സ്ഥാനങ്ങൾ കിട്ടിയില്ലെങ്കിൽ നടക്കുന്നത് ഐക്യമല്ല കീഴടങ്ങലാണ് എന്ന വ്യാഖ്യാനം വരും. ഇത് മാനസികമായി അപമാനബോ ധം അവഗണിക്കപ്പെട്ടവരിൽ സൃഷ്ടിക്കും. ഇതു നിലനിൽക്കുന്ന ഐക്യത്തിന് സഹായകമല്ല.

3. ഐക്യം നീതിപൂർവ്വമായ പങ്കാളിത്തത്തോടെയല്ല എങ്കിൽ മേൽക്കൈ ഉള്ളവരുടെ ആധിപത്യം ഭരണത്തിൽ ശക്തിയാകും.

4. പങ്കാളിത്തം അംഗീകാരത്തിന്റെയും കൂടെ സൂചനയാണ്. അംഗീകാരമില്ലായ്മ അവഗണനയാണ്. ഈ ചിന്ത ഒരു സമൂഹത്തിൽ വ്യാപിച്ചാൽ ഐക്യത്തിന് അപകടമാണ്.

5. ഇതോടെ ഈ സംവിധാനം ഉാകാൻ സമ്മതിച്ച അവരുടെതന്നെ നേതാക്കന്മാരെ അവർ പുറന്തള്ളും. നേതൃത്വത്തിന്റെ വിശ്വാസ്യത നഷ്ടപ്പെടുകയും ചെയ്യും. അതായത് എനി ക്ക് ഒന്നും ചെയ്യുവാനാകാത്ത സ്ഥിതി വരും.

കടമറ്റത്തെ പ്രത്യേക സാഹചര്യത്തിൽ ഐക്യത്തിന് ആവേശപൂർവ്വം രംഗത്തുവന്ന പാത്രിയർക്കീസ് വിഭാഗത്തിൽ ഗണ്യമായ ഭാഗം ഐക്യപ്രക്രിയയോട് വിടപറഞ്ഞ് മറുവശത്ത് അണിനിരക്കും എന്നെനിക്ക് മുൻകൂട്ടി കാണാൻ സാധിച്ചു. സഭ മുഴുവനായി യോജിക്കാത്ത സാഹചര്യത്തിൽ ഐക്യത്തിൽ പങ്കുചേർന്ന സമൂഹത്തിന് എന്നും ഈ ഭീഷണി സാധ്യതയു്. എന്റെ നേതൃത്വത്തിൽ കാര്യം സാധിക്കുന്നില്ല എന്നുകാൽ എന്റെ നേതൃത്വം നിഷേധിച്ച് അപ്പുറം ചേരും. ഇത് ഐക്യശ്രമത്തിൽ എന്റെ നിലപാടിനെ ദുർബ്ബലപ്പെടുത്തും. ഇതുതന്നെയാ ണ് മുൻ കാതോലിക്കാ പക്ഷത്തെ ഇടവക-ഭദ്രാസനനേതൃത്വം ആഗ്രഹിച്ചതും. ഒന്നുകിൽ ഞങ്ങളുടെ നിർദ്ദേശത്തിന് വിധേയരായി കഴിയുക. അല്ലെങ്കിൽ ഏതിലെയെങ്കിലും പോകുക. കേട്ടാൽ തോന്നും ഇവരുടെ കുടുംബസ്വത്താണ് മലങ്കരസഭയെന്ന്. ഈ സമീപനം കൊ് നഷ്ടം വരുന്നത് മലങ്കര സഭയുടെ ഐക്യപ്രക്രിയയ് ക്കാണ്. ഭഞ്ജനമുാവുക സമാധാനപരമായ സഭാജീവിതത്തിനും. സ്വാർത്ഥമതികളായ സഭാനേതാക്കന്മാർക്കും കക്ഷിക്കാർക്കും ഒന്നുമില്ല. ഈ കാര്യം കടമറ്റം ഉൾപ്പെടെ തർക്കമുായിരുന്ന പള്ളികളുടെയും, ഈ ഭദ്രാസനത്തിന്റെയും സമകാലീനചരിത്രം അന്വേഷിച്ചാൽ മന ിലാകും. മനുഷ്യമന ിനെ സ്വാധീനിക്കാതെ പിടിച്ചടക്കൽ വഴി ഒരിടത്തും ന്യായമായ അനുരഞ്ജനവും ഐക്യവും ഉാകില്ല. ഐക്യത്തെപ്പറ്റി ധാരണാ വ്യക്തതയില്ലാത്തവർക്കും, അത് ആവശ്യമില്ലാത്തവർക്കും ഇതൊന്നും പ്രശ്നമേ അല്ലല്ലോ.

് സാധ്യതകളാണ് അവശേഷിച്ചത്

1. കടമറ്റം പള്ളിയിലെ മുൻകാതോലിക്കാപക്ഷത്തിന്റെ നിർബന്ധബുദ്ധിക്ക് വിധേയരായി അവരുടെ ഉപാധികൾ അംഗീകരിച്ച് ഇടവക ഭരണസംവിധാനത്തിന് രൂപം കൊടുക്കുക.

2. ഒത്തുതീർപ്പ് ചർച്ചയിൽ നിന്ന് പിന്മാറുക.

ചർച്ച അവസാനിപ്പിക്കാം എന്ന ചിന്താഗതിക്കാരായിരുന്നു ഇടവകയിൽ എന്റെ കൂടെയുായിരുന്നവരിൽ മുഖ്യപങ്കും. ഞാൻ പ്രതിസന്ധിയിലായി. നിർദ്ദിഷ്ട ഉപാധികൾക്ക് വിധേയമായി യോജിച്ചാൽ ജനം സ മാധാനശ്രമത്തിൽ നിന്ന് പിന്മാറും. ഐക്യഭാവി അപകടത്തിലാകും. ചർച്ചയിൽ നിന്ന് പിന്മാറുന്ന സാഹചര്യം ഉായാൽ ഐക്യത്തിനുവേി നിലപാടെടുത്തിട്ട് അധികാരസ്ഥാനങ്ങൾക്കുവേി ഐക്യം അട്ടിമറിച്ചു എന്ന വ്യാഖ്യാനം വരും. ഏത് വഴി പോയാലും ആഗ്രഹിച്ച ഐക്യപ്രക്രിയയുടെ ആരംഭത്തിൽ ത്തന്നെ തിരശ്ശീലവീഴും. എന്റെ സ്ഥിതി ദുർബ്ബലമാക്കി ഐക്യശ്രമങ്ങളെ അട്ടിമറിക്കാൻ ശ്രമിക്കുന്നവരുടെ ഗൂഢലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള ആസൂത്രിതശ്രമം വിജയിക്കുകയും ചെയ്യും. കടലിനും ചെകുത്താനും ഇടയ്ക്ക് എന്ന പ്രയോഗത്തിന്റെ അർത്ഥം ശരിക്കും മന ിലായ സമയമായിരുന്നു അത്. ഇടവകയിലെ മുൻ പാത്രിയർക്കീസ് വിഭാഗത്തിൽപ്പെട്ട പ്രമുഖരെ ഞാൻ വ്യ ക്തിപരമായി സ്വാധീനിച്ച് ഉടമ്പടിക്ക് ഒപ്പിടാൻ

നിർബന്ധിച്ചു. കാരണം ഐക്യത്തി നിറങ്ങിയിട്ട് പകച്ചുനിൽക്കാനാവി ല്ലായിരുന്നു. കലപ്പയ്ക്ക് കൈകൊ ടുത്തിട്ട് പുറകോട്ട് നോക്കിയാൽ ഉടയവനോട് ഞാൻ എന്തുത്തരം പറയും? തീർത്തും സുഖകരമായ സാഹചര്യത്തിലല്ല കടമറ്റത്തെ ഐക്യനടപടികൾ പൂർത്തീകരിച്ച ത്. സർവ്വാധികാരവും കയ്യടക്കിയ വികാ രി-ട്രസ്റ്റിമാർക്ക് അവരെ ന ിയന്ത്രിച്ച ഭദ്രാസന അഗ്രേസർക്കും തങ്ങളുടെ കൈവെള്ളയിൽ കിട്ടിയ സമാധാനം നിലനിർത്താൻ കഴി ഞ്ഞില്ല. കാര ണം തുടർന്നുള്ള പള്ളിഭരണത്തിൽ കാണിക്കേ നന്മ (fairness), നീതിബോധം, വിവേകം, കരുതൽ, ഇടവകയുടെ ഭാവിയെ പ്പറ്റിയുള്ള ചിന്ത ഒന്നും അവർക്കി ല്ലാതെപോയി. ഇവരിൽ നിന്നും അത് പ്രതീക്ഷിച്ചിട്ട് കാര്യമില്ലായി രുന്നു. ഭരണത്തോടുള്ള എതിർപ്പ് നാൾക്കുനാൾ വർദ്ധിച്ചു. ഇടവക യിൽ ഭിന്നതയായി. വികാരി അമേരി ക്കയ്ക്ക് കടന്നു. ട്രസ്റ്റി വിശ്രമത്തിലാ യി. പള്ളിപ്പരിസരം ഏറ്റുമുട്ടലിന്റെ രണഭൂമിയായി പള്ളിപൂട്ടി. വളരെ അക്രമാസക്തവും നാടകീയവു മായ രംഗങ്ങൾക്ക് ഇടവകപരിസ രം സാക്ഷ്യം വഹിക്കേിവന്നു. നവ പാത്രിയർക്കീസ് കക്ഷി നിലവിൽ വന്നു. ഞാൻ അനുഭവിച്ച അസ്വസ്ഥ തയ്ക്ക് അതിരില്ലായിരുന്നു. ഇതാ ണ ല്ലോ സഭൈക്യത്തിനുവേി ഞാൻ ചെയ്ത അദ്ധ്വാനത്തിന്റെ ഫലം.

എനിക്ക് ഒറ്റപ്പെടലിന്റെ അനു ഭവം ശക്തമായി. സകലരും എന്നെ ഉപേക്ഷിച്ചെങ്കിൽ എന്ന് ഞാൻ ആ ത്മാർത്ഥമായി പ്രാർത്ഥിച്ചു. എങ്കിൽ എന്റെ കാര്യത്തിന് എനിക്ക് സ്വാത ന്ത്ര്യമുായിരുന്നു. എനിക്ക് ഭാവിയിൽ ഇഷ്ടമുള്ള തീരുമാനം എടുക്കാമാ യിരുന്നു. എന്നാൽ എനിക്ക് ഇഷ്ട മുള്ള തീരുമാനം എടുപ്പിക്കുവാൻ ആഗ്രഹിക്കുന്നവനല്ല ദൈവം. ദൈവ തീരുമാനത്തിന് തന്റെ ശുശ്രൂഷകരെ നിർബന്ധിക്കുന്നതാണ് ദൈവപ്രകൃ തം. ആദ്യകാലത്ത് കൂടെയുായിരു ന്നവർ തുടർന്നും ഉായിരുന്നെങ്കിൽ സഭൈക്യത്തിനുവേി ഫലപ്രദമായി അദ്ധ്വാനിക്കാമായിരുന്നു. എ ന്നോട് വിശ്വസ്തത പുലർത്തിയ വൈദീക രെയും എന്നിൽ വിശ്വാസം അർപ്പി ച്ചിരുന്ന വിശ്വാസസമൂഹത്തെയും വിട്ട് ഞാൻ എവിടെപ്പോവാനാ ണ്. അവരാണ് വൈദീകശുശ്രൂഷ യിൽ എന്നെ ഈ പതനത്തിൽ പ ിടിച്ചു നിർത്തിയത്. ഞാൻ എവിടെ യെങ്കിലും പോയാൽ അവരെന്തു ചെയ്യും! അത് ഞാൻ ചെയ്താൽ കൊ ടിയ വഞ്ചനയായിരക്കും. ദൈവസന്നിധിയിൽ ഞാൻ എന്തു ത്തരം പറയും? അല്ലാതെ തന്നെ ഉത്തരം പറയാൻ സാധിക്കാത്ത ഒത്തിരി കാര്യങ്ങൾ ജീവിതത്തിൽ വന്നുപോയിട്ട്. ചിന്തകൾ എന്നെ വേട്ടയാടി. അധികാരഭ്രമം പിടികൂ ടിയ, നീതിബോധവും സഭാസ്നേ ഹവും നഷ്ടപ്പെട്ട കുറെ പുതിയ സഹോദരന്മാരുടെയും അക്രമം വിശ്വാസപ്രതിഫലനമായി ധരിച്ച മുൻ ബന്ധുക്കളായ അന്ത്യോഖ്യാ ഭക്തരുടെയും മധ്യത്തിൽ എന്റെ വൈദീക ശുശ്രൂഷയ്ക്ക് ദിശ ന ഷ്ടപ്പെടുമോ എന്ന് ഞാൻ ഭയന്നു. തന്റെ ആത്മീകപ്രതിസന്ധികളുടെ നാളുകളിൽ കർദ്ദിനാൾ ജോൺ ന ്യൂമൻ രചിച്ച "ദിവ്യവെളിച്ചമേ ന യിച്ചാലും" (Lead Kindly Light) എന്ന ഗാനം എന്റെ അധരത്തിൽ ന ിന്നും പ്രാർത്ഥനാമന്ത്രമായി സ്ഥിരം നിർഗ്ഗമിച്ച കാലമായിരുന്നു അത്. ഞാൻ പ്രാർത്ഥിച്ചു. "ഞാൻ ജനി ച്ചുവളർന്ന സഭയെ ഒന്നാക്കണമേ. അതിന്റെ ദൗത്യനിർവ്വഹണത്തിന്

---

(6)

## Time
Giudes our
## Plans

*"There is a time for departure even when there's no certain place to go."*

*Time is too slow for those who wait,*
*Too swift for those who fear,*
*Too long for those who grieve,*
*Too short for those who rejoice,*
*But for those who love, time is eternity.*

*We make plans, but time guides them*
*No matter how much we try or put efforts*
*To materialize them according to our will,*
*Our plans, actions, words, everything is guided by time.*
*It is the most important factor that rules our lives.*

*"TO ACHIEVE GREAT THINGS,*
*TWO THINGS ARE NEEDED; A PLAN,*
*AND NOT QUITE ENOUGH TIME."*

Collected by Aneena Elizabeth Bejoy

വഴിവിളക്ക്

# ഒരു ചാക്കു മണ്ണും കുറെ വിത്തും

**ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത**

**ക**ഴിഞ്ഞ ദിവസം അഞ്ചാറ് സായ്പുമാരും മദാമ്മമാരും കുട്ടനാട്ടിലെ പാടത്തിറങ്ങിനിന്ന് നെല്ല് കൊയ്യുന്നത് ടി.വി. യിലൂടെ ഞാൻ കിരുന്നു. അവർ വളരെ നന്നായി കൊയ്തെന്നാണ് ടി.വി.ക്കാർ പറഞ്ഞത് സായ്പിനെ കുട്ടനാട്ടിൽ കൊ ുവന്ന ഹോട്ടലുകാരായിരിക്കും ശരിക്കും കൊയ്തത്. കൊയ്ത്ത് ടൂറി സം കാണിക്കാമെന്നു പറഞ്ഞ് ഒരു പറ ഡോളറും അവർ വാങ്ങിക്കാണും. കൃഷിയും കൃഷിക്കാരനും ഇല്ലാതാകുന്നതോടെ നെല്ല് കൊയ്യുന്നതെങ്ങനെയെന്ന് നമ്മുടെ പിള്ളേരെയും ടി.വി.യിലൂടെ കാണിച്ചുകൊടുക്കേ സ്ഥിതിയാണ്.

കൃഷിക്കാരനെ സ്നേഹിക്കാനും സ്വന്തം അദ്ധ്വാനത്തിൽ അഭിമാനിക്കാനും ഒരു ചാക്ക് നിറയെ മണ്ണും ഏതെങ്കിലും പച്ചക്കറിയുടെ കുറച്ചുവിത്തും മതി. ഒരു ചാക്കിൽ മണ്ണിട്ടു നിറച്ച് വെയോ ചീരയോ നടാൻ എന്തിനാണ് അഭിമാനക്കുറവ്? കൃഷിചെയ്യാൻ സ്ഥലമില്ലെന്ന പരാതിയും ഇതിന് തട മല്ലല്ലോ. രാവിലെ ഏഴുന്നേറ്റ് ഒരല്പം വെള്ളവും ഒഴിക്കാം. കൃഷിക്കാരനാവാൻ ഏക്കറുകണക്കി ന് ഭൂമി വേണമെന്ന് ആരും പറഞ്ഞിട്ടില്ല. അവ വളരുന്നത് മക്കൾക്ക് കാണിച്ചുകൊടുക്കണം. കൃഷി ചെയ്യുന്നത് കുറച്ചിലാണെന്ന ധാരണ മാറ്റണം. വല്ലയിടത്തു നിന്നും കൊുവരുന്നത് വാങ്ങി ഭക്ഷിക്കുക മാത്രം ചെയ്യുന്നവർ ഒരുപക്ഷേ കൃഷിയെക്കുറിച്ച് ചിന്തിച്ചിട്ടുാകില്ല.

കോഴഞ്ചേരി ചന്തദിവസം എനി ക്ക് ഓർമ്മയു്. നാല്പതോളം കെട്ടുവള്ളങ്ങൾ നിറയെ പച്ചക്കറിയും മറ്റ് സാധനങ്ങളുമായിരിക്കും. ഇന്ന് കൃ ഷിയില്ല. ചന്തകൾ വിരളം. മാർജിൻ ഫ്രീ മാർക്കറ്റാണ് എവിടെയും. ആരും കാണാതെ ആരെയും കാണാതെ സാധനങ്ങൾ എടുക്കാനുള്ള സൗകര്യം. ചന്തദിവസം എന്നത് ആഘോഷമാണ്. പരസ്പരം കാണാനും വി ശേഷങ്ങൾ പങ്കിടാനുമുള്ള ദിവസം. അടുത്ത ചന്തയ്ക്ക് കാണാം എന്നുപറഞ്ഞാണ് ആളുകൾ പിരിഞ്ഞിരുന്നത്. കല്യാണാലോചനകൾ പോലും നടക്കുന്ന സ്ഥലമായിരുന്നു ചന്ത.

ഇപ്പോൾ കല്യാണാലോചനകൾക്ക് കർഷകരെന്ന യോഗ്യത പരിഗണക്കാറില്ല. മകൻ കർഷകനായതിനാൽ അവന് പെണ്ണുകിട്ടുന്നില്ലെന്ന് ഒരാൾ എന്റെ അടുത്തുവന്ന് പരാതി പറഞ്ഞു. വല്ല കർഷകപാർട്ടി ഭാരവഹിയെങ്കിലും ആയിരുന്നെങ്കിൽ പെൺവീട്ടുകാർ സമ്മതിച്ചേനെ എന്ന നിരാശയും പങ്കുവച്ചു. ചെറുക്കന്റപ്പൻ കർഷകനായതിനാൽ കല്യാണം മുടങ്ങിയ ഒരു സംഭവം ഞാൻ പറഞ്ഞതോടെ അദ്ദേഹത്തിന്റെ പരാതി തീർന്നു. അപ്പൻ കൃഷിക്കാരനാണെ ന്ന് പറയാൻ മടിക്കുന്ന മക്കളുള്ള കാലത്ത് ഇതിനപ്പുറവും സംഭവിക്കും.

ഈ സമയം കൊ് നമ്മൾ നട്ടവെയും ചീരയും വളർന്നെന്ന് കരുതുക. പക്ഷേ പച്ചക്കറി ആർക്കും വേ. പച്ചക്കറി കഴിക്കുന്നതാണ് നല്ലതെന്നാണ് ഞാൻ പരിചയപ്പെട്ടിട്ടുള്ള എല്ലാ ഡോക്ടർമാരും പറഞ്ഞിട്ടുള്ളത്. അവർ അത് കഴിക്കുന്നുാേ എന്നത് മറ്റൊരു കാര്യം. കുട്ടികൾക്ക് എട്ടുതരം കോഴിക്കറി ഉാക്കി നൽകാൻ അമ്മമാർ മത്സരിക്കും. കോഴി, ആട്, പോത്ത് ഇവയുടെ കരളും കാലും തലയും വിൽക്കാൻ ഓരോരോ കടകളാണ്. കോഴിയെ കൊല്ലുന്നത് ക് കണ്ണടച്ചിരുന്ന കുട്ടിക്കാലമായിരുന്നു എന്റേത്. ഇന്നിപ്പോൾ ആളുകളെ കൊല്ലുന്നത് ടി.വി.യിലൂടെ ക് പിള്ളേര് കയ്യടിക്കുന്നു. മണ്ണിൽ നിന്നുകിട്ടുന്നതുപയോഗിക്കാതെ നമ്മെ മണ്ണിലാക്കുന്ന സാധനമാണ് എല്ലാവരും വാങ്ങുന്നത്.

പാടത്തെ മണ്ണിലും വെള്ളത്തി ലും ചവിട്ടാനുള്ള ആഗ്രഹം കൃഷിയെ സ്നേഹിക്കുന്നതിന്റെ തുടക്കമാണ്. ഇന്ന് പാടത്തിന്റെ വരമ്പത്തുകൂടി ചെരുപ്പിടാതെ നടക്കാൻ എത്രപേർ ക്ക് കഴിയും? ഫാഷൻഷോയിൽ കയറിപ്പറ്റാൻ പാടുപെടുന്ന പെൺപിള്ളേർ പൂട്ടിയിട്ട പാടത്തിന്റെ വരമ്പത്തുകൂടി നടന്നാൽ മതി എന്നാണ് എന്നാണ് എന്റെ അഭിപ്രായം.

വല്യപ്പൻ കഷ്ടപ്പെട്ടുാക്കിയ കൃഷിസ്ഥലം നടന്നുകാണുകയായിരുന്നു അമേരിക്കയിൽ നിന്ന് അവധിക്കുവന്ന കൊച്ചുമോനും നവവധുവും. പൂട്ടിയിട്ട പാടത്ത് ര് പോത്തുകളെ കെട്ടിയിട്ടിട്ടു്. മോഡേൺ വേഷമണിഞ്ഞ നവവധു ശ്വാസംപിടിച്ചാണ് വരമ്പത്തുകൂടി നടക്കുന്നത്. രുപേരും നടന്നുനടന്ന് പോത്തുകളുടെ അടുത്തെത്തിയതും


**ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്**

| | |
|---|---|
| 2 വർഷത്തേക്ക് | - 100 രൂ. |
| ആയുഷ്ക്കാലം | - 1000 രൂ. |
| വിദേശത്ത് | - 4000 രൂ. (100 ഡോളർ) |

വരിസംഖ്യാ കാലാവധി തീർന്നവർ പുതുക്കുക.

*സുഭാഷിതങ്ങൾ*

# വേര്

ഫാ. ബോബി ജോസ് കട്ടിക്കാട്

"ചില്ലകൾ
ആകാശത്തെത്തൊടാനായുന്നു.
വേരുകളോ ആഴങ്ങളെയും."

**ആ**കാശത്തേയ്ക്ക് അവനെ എ റിഞ്ഞാണച്ഛൻ ഒരു വിപൽ ജീവിതത്തിന്റെ ഹരിശ്രീ കുറിച്ചത്. അതൊരു കൈവിട്ട കളിയാണ്. ആഫ്രിക്കൻ ആദിവാസി മകനെ വനത്തിലേയ്ക്കെറിഞ്ഞ് കളയുന്നതുപോലെ. രാത്രി മുഴുവൻ പേരറിയാത്ത മൃഗങ്ങളുടെ മുരൾച്ചയും നിലവിളയും കേട്ട്, കൊടുങ്കാറ്റിൽ ഒരിലപോലെ വിറച്ചും വിതുമ്പിയും പുലരിയുടെ ആദ്യവെട്ടത്തിൽ അവനൊരു സുവിശേഷമു്മു. എതിരെയിരുന്ന് ഇമ വെട്ടാതെ അവനെ ഉറ്റുനോക്കുന്ന അച്ഛൻ! അയാളങ്ങനെയാണ്, ജീവിതത്തിന്റെ സന്നിഗ്ദ്ധതകളിലേയ്ക്ക് നിങ്ങളെ എറിഞ്ഞുകൊടുത്തിട്ട് കാൽപ്പെരുമാറ്റം പോലും കേൾപ്പിക്കാതെ ഒരു നിശബ്ദ പ്രാർ ത്ഥന പോലെ അനുതാപനം ചെയ് ത്..... അമ്മ അച്ഛനല്ല. കാക്കയ്ക്കും പുള്ളിനും വിട്ടുകൊടുക്കാതെ നെഞ്ചോടു ചേർത്തുവച്ച് അവന്റെ തൂവലുകളെ ഭാരപ്പെടുത്തി...... തീർച്ചയായും അമ്മ അച്ഛനല്ല. എന്നാൽ, അച്ഛ നമ്മയാണുതാനും.

ചില വിത്തുകളെക്കുറിച്ചു കേട്ടിട്ടു്. കഠിനമാണതിന്റെ പുറന്തോട്. മണ്ണിനതിനെ പൊടിക്കാനാവില്ല. ആ പുറന്തോട് പൊട്ടിക്കാൻ മാത്രം അ വിടെ കാട്ടുതീ ഉാവുന്നു. തീയിൽ പുറന്തോട് പൊട്ടുന്നു. തൊട്ടുമുമ്പ ത്തെ തലമുറയിലെ അപ്പന്മാരെങ്കിലും അതിനെ ഓർമ്മിപ്പിക്കുന്നു. അത്യപൂർവ്വമായ കഠിനപരീക്ഷണങ്ങളിൽ മാത്രം തങ്ങളുടെ അകക്കാമ്പിനെ വെളിപ്പെടുത്തിയവർ, എന്നിട്ടും എനിക്കറിയാം ഈ ജന്മവൃക്ഷത്തിന്റെ ഓരോ തളിരും അയാളിൽ നിന്ന് ഞാൻ സ്വീകരിച്ചതാണ്. ചില പൈതൃകങ്ങൾ ഉൾപ്പെടെ വിത്തല്ല, ഭൂമിയാണ് ജീവനെ നിശ്ചയിക്കുന്നതെന്ന ആനന്ദത്തിന്റെ വരികളോട് വിയോജിപ്പ് തോന്നുന്നു.

ഏറ്റവും കുറച്ച് ഇടപെടലിലൂടെ ഏറ്റവും അഗാധമായ രൂപാന്തരങ്ങളാവാം എന്ന് ഭൂമിയെ പഠിപ്പിക്കുന്നത് നമ്മുടെ അച്ഛന്മാരാണ്. ക്രിസ്തുവിന്റെ ഉപമയിലെ പുളിമാവുപോലെ, ഗുപ്തവും ഗാഢവുമായ ചില പ്രസരണങ്ങൾ. ഒരു നോട്ടം, ഒരു താക്കീത്, ഒരു യാത്ര അതൊക്കെത്തന്നെ അധികമാണയാൾക്ക്. മൗനം കൊുപോലും അയാൾ നിങ്ങളെ തകർത്തുകളയും. ബാലനായ മോഹൻദാസ് കരംചന്ദ് ഗാന്ധി വിറയലോടെ കാത്ത് നിൽക്കുകയാണ്. തന്റെ കുമ്പസാരം വായിച്ച് അച്ഛൻ തന്നെ ശകാരിക്കണമെന്ന പ്രാർത്ഥനയുമായി. ഇല്ല, അയാൾ ഒന്നും മില്ല. കരുണകൊാണ് അയാൾ നിന്നെ ശിക്ഷിക്കാനായുന്നത്.

അച്ഛനോടൊപ്പം നടത്തിയ ചില യാത്രകൾ ആരുടെ സ്മൃതിയിലാണ് പച്ചയായി നിൽക്കാത്തത്. അവയാ ണ് പിന്നീട് ജീവിതത്തിന്റെ ദിശകളെത്തന്നെ രൂപപ്പെടുത്തിയത്. പുറത്തേയ്ക്കിറങ്ങുന്ന അച്ഛന്റെ കാലിൽ കെട്ടിപ്പിടിച്ച് കുഞ്ഞുങ്ങൾ ഇപ്പോഴും ശഠിക്കുന്നത് ആ ഉപനയനത്തിനു വേിയാണ്. ഒരു വേർപാടിന്റെ ആഘാതം അവളുടെ ഇട നെഞ്ചിനെ തകർത്ത ദിനങ്ങളിൽ അപ്പൻ അവളെ ഒരു യാത്രയ്ക്ക് കൊുപോയി. അതവളെ സ്വസ്ഥതപ്പെടുത്തിയൊട്ടൊന്നും ഉാവില്ല. എങ്കിലും അതൊരസാധാരണമായ കരുതലും കരുണയുമായിരുന്നു. അതവളെ വല്ലാതെ തൊട്ടു.

വഴിയോര കൗതുകങ്ങൾ മാത്രമല്ല കാണാചതികൾ കൂടി കാട്ടിക്കൊടുക്കുക അയാളുടെ ധർമ്മമാണ്. ഒ.വി. വിജയന്റെ കുഞ്ഞുണ്ണിയും അ ച്ഛനും കൂടി യാത്രയ്ക്ക് പോവുകയാണ്. സൂക്ഷിച്ചു നടക്കണമെന്ന് അച്ഛൻ കുഞ്ഞിനെ ഓർമ്മിപ്പിക്കുന്നു. ഇല്ലെങ്കിൽ തട്ടിവീഴുമെന്നും തട്ടിവീണാൽ ബന്ധുക്കൾ ചിരിക്കുമെന്നും മലയാളത്തിൽ വിജയനോളം അച്ഛൻബാധ പിടിപെട്ട മറ്റൊരു എഴുത്തുകാരനുാവില്ല. വായനയ്ക്കിടയിൽ ഹൃദയത്തെ കൊളുത്തിവലിച്ച ഒത്തിരി അച്ഛന്മാർ ഉായിരുന്നു. എന്നിട്ടും നി ഹായത കൊ് ഹൃദയത്തെ കീഴ്പ്പെടുത്തിയ ആ അച്ഛനോളം വരില്ല ഒരാളും. കടൽത്തീരത്തെ വെള്ളായിയപ്പനാണത്. നിയമം കഴുമരത്തിനെറിഞ്ഞുകൊടുത്ത മകനെ തേടിയെത്തുകയാണ് അയാൾ. എ ന്തിനാണതെന്ന് അയാൾക്കും അ വനും അറിഞ്ഞുകൂടാ. ഇപ്പോഴും എന്റെ മകനെ പുറത്തെ മഴയിൽ നിർത്തുന്നതെന്തിനെന്ന് ചോദിക്കുന്ന രാജന്റെ അച്ഛനെപ്പോലെ ഒരാൾ. ഒടുവിൽ അയാൾ കടപ്പുറത്തേയ്ക്ക് പോവുകയാണ്. യാത്രയിൽ ആഹരിക്കാൻ ഭാര്യ പൊതിഞ്ഞുകെട്ടിക്കൊടുത്ത ചോറ് കയ്യിൽ, അത് കാക്കകൾക്കിട്ടുകൊടുത്തയാൾ മകന് തർ പ്പണം ചെയ്യുന്നു.

എന്നിട്ടും നമ്മൾ ഏറ്റവും കലഹിച്ചിട്ടുള്ളത് അച്ഛനോടാണ്. ഫ്രോയിഡ് ഒക്കെ നിരീക്ഷിക്കുന്നതുപോ ലെ ഉള്ളിന്റെയുള്ളിൽ ഒരു റിബലിനെ ഒളിപ്പിച്ചുവയ്ക്കുന്ന നമുക്ക് ആരോടെങ്കിലും കലഹിക്കാതെ തരമില്ല. നമ്മു ടെ കാലത്തിന് ഉതകുന്നതല്ല അയാളു ടെ വിലക്കുകൾ. പരസ്യമായി വിമർ ശിക്കാനും ഗാഢമായി സ്നേഹിക്കാ നും ഒരാൾ, അതൊരു കാവ്യനീതി തന്നെയാവണം. കാരണം അയാളും അ ങ്ങനെയൊക്കെത്തന്നെയാണല്ലോ. മാഗി കത്തെിയതുപോലെ അമ്മ മഴയും അച്ഛൻ ആലിപ്പഴവും

പോലെ. മഴ നിരന്തരം പെയ്തുകൊ ിരിക്കുന്നു. ആലിപ്പഴം ഒരായു ിൽ ഒന്നോ രോ തവണയും. എന്നിട്ടും മന ് ഓർമ്മിച്ചുവയ്ക്കുന്നത് മഴപ്പെ യ്ത്തിനേക്കാൾ ആലിപ്പഴങ്ങളുടെ കുളിരിനെയാണെന്നു പറഞ്ഞാൽ അമ്മമാർ വിഷമിക്കരുത്.

ക്രിസ്തു നമ്മളെപ്പോലെ അല്ല. കാരണം അയാൾ നല്ലൊരു മകനായി രുന്നു. അവനെ ആധാരമാക്കി നിർ മ്മിച്ച ഒരു ചിത്രത്തിൽ മേരി, അതാ ണ് നിന്റെ പിതാവിന്റെ ഇഷ്ടമെന്ന് പറയുമ്പോൾ ഏത് പിതാവ്, ആകാ ശങ്ങളിലേതോ, നസ്രേത്തിലേതോ എന്ന് അവൻ കുറുമ്പ് ചോദിക്കും. ജീവിതത്തിന്റെ സമീപനങ്ങൾക്ക് അവൻ രുപേരോടും വല്ലാതെ കട പ്പെട്ടിട്ട്. ഉദാഹരണത്തിന് തെറ്റിൽ കുരുക്കപ്പെട്ട സ്ത്രീയോട് അവൻ കാട്ടിയ കരുണ അവൻ ജോസഫിൽ നിന്ന് സ്വീകരിച്ചതാണ്. മുപ്പതു വർഷങ്ങൾക്കുമുമ്പ് എല്ലാ അർത്ഥ ത്തിലും കല്ലെറിയപ്പെടേ മേരി എന്ന ഒരു പെൺകുട്ടിയോട് അവളുടെ പ്ര തിശ്രുത വരൻ കാട്ടിയ അതേ കരു ണയുടെ തനിയാവർത്തനം.

അബ്ബാ എന്ന ന്യൂക്ലിയ ിന് ചു റ്റുമായിരുന്നു അവന്റെ ജീവന്റെ ഭ്രമണപഥങ്ങൾ. എന്ത് ലളിതമാ യിട്ടാണ് തന്റെ ജീവന്റെ പൊരുൾ അവൻ സംഗ്രഹിക്കുന്നത്. അവി ടുത്തെ ഹിതം നിറവേറ്റുകയാണ് എന്റെ ഭക്ഷണം. സുവിശേഷം രേഖപ്പെടുത്തുന്ന അവന്റെ ആദ്യ ത്തെയും അവ സാനത്തെയും മൊഴി കൾ എന്തായിരുന്നു: ഞാനെന്റെ പ ിതാവിന്റെ ഭവനത്തിൽ ആയിരിക്കേ തല്ലേ- പിതാ വേ നിന്റെ കരങ്ങളിൽ ഞാനെന്റെ ആത്മാവിനെ അർപ്പി ക്കുന്നു. കൂടെയിരിക്കേവർ ഗാഢനി ദ്രയിലേയ്ക്ക് വഴുതിപ്പോകുമ്പോൾ അവൻ ഇങ്ങനെ നിലവിളിക്കും-അ ബ്ബാ-എന്തിന്, അ വനെ മാത്രമായിട്ട് നിങ്ങൾക്ക് സ്നേ ഹിക്കാൻ പേ ാലുമാവില്ല. എന്നെ സ് നേഹിക്കു ന്നവൻ എന്റെ പിതാവിന്റെ ഹിതം പൂർത്തിയാക്കു ന്നു എന്നു പറഞ്ഞ് അവൻ നിങ്ങളെ തിരുത്തും.

ദൈവത്തെ അബ്ബാ എന്നുവി ളിക്കാൻ കാട്ടിയ സ്വാതന്ത്ര്യം വഴി അവൻ മനുഷ്യരുടെ ദൈവവിചാര ങ്ങളെ നൂറ്റി എൺപത് ഡിഗ്രി തിരി ച്ചുവിട്ടു. എത്ര ദീർഘമായ പ്രവാചക വഴികളാണ് ഹെബ്രായാ വേദത്തിൽ. എന്നിട്ടും അവരിൽ ഒരാൾക്കുപേ ാലും ദൈവത്തെ അബ്ബാ എന്നു വിളിക്കാനുള്ള അവകാശമോ അടു പ്പമോ അനുഭവപ്പെട്ടില്ല. യിസ്ര യേൽ മകനാണെന്ന മട്ടിൽ ചില സൂചനകൾ ഇല്ലാതില്ല. എന്നാൽ, അപ്പോഴും ദൈവം അപ്പനാണെന്ന് പറയാനുള്ള ചങ്കുറപ്പില്ലല്ലോ. മറ്റുമ തങ്ങളിലുമില്ല അങ്ങനെയൊരടുപ്പം. ഒന്നോർത്താൽ ദൈവം അപ്പനാ ണെന്ന് വെട്ടം കിട്ടിയാൽ പരിഹരി ക്കപ്പെടാവുന്ന പ്രതിസന്ധികളേ ഉള്ളൂ ഈ പാവം നരജന്മത്തിലും.

അതുവഴി മറ്റൊരു പ്രകാശം കൂടിയുായി-ഭൂമിയുടെ സാഹോ ദര്യം. ഒന്നോർത്താൽ പല കാര ണങ്ങൾ കൊ് വേർപിരിഞ്ഞുപേ ായ ഒരേ അപ്പന്റെ മക്കൾ നമ്മൾ. അതിലൊരാൾ എച്ചിലുകൾക്കിട യിൽ അന്നം തിരയുന്നു. മറ്റൊരുവൾ ഒരു ഗണികത്തെരുവിൽ കാത്തുന ിൽക്കുന്നു. വേറൊരു കുഞ്ഞ് ചാറ്റൽ മഴയിൽ വൃക്ഷച്ചുവട്ടിനു താഴെ വിറ ച്ചിരിക്കുന്നു. ഒരേ മണ്ണുകൊും ഒരേ നിശ്വാസം കൊും അവൻ രൂപപ്പെ ടുത്തിയ നമ്മൾ (same earth and same breath). കണ്ണുനിറഞ്ഞും മാപ്പു പറഞ്ഞും നാം അവരെ ചേർത്തുവി ളിക്കേ നേരം വൈകി.

ദൈവത്തെ പിതാവ് എന്നുവി ളിക്കുക വഴി ദൈവം ഒരു വൈദീക സങ്കല്പത്തിൽ നിന്ന് ജൈവീക യാ ഥാർത്ഥ്യമായി മാംസം ധരിച്ചു. എനി ക്കും അവിടുത്തേയ്ക്കും ഇടയിലെ ബന്ധം സ്വാഭാവികവും വൈയക്തി കവുമായി. എങ്കിലും അബ്ബാ ഒരു കൊഞ്ചൽപദമാണെന്ന് കരുതേ. കുഞ്ഞുങ്ങൾ വിളിക്കുന്നതുപോലെ ഡാഡി, പപ്പ എന്ന മട്ടിൽ. കുറെ ക്കൂടി അവബോധവും പക്വതയും ദ്യോതിപ്പിക്കുന്ന പദമാണത്. പ്ര കാശത്തിലും ധ്യാനത്തിലും വേണം ആ പദം ഉപയോഗിക്കേതെന്ന് സാരം.

എന്നിട്ടും സകലത്തിനെയും വി മർശിക്കേ ബാധ്യത സ്വയം ഏറ്റെ ടുക്കുന്ന യൗവ്വനത്തിൽ ദൈവത്തെ അബ്ബാ എന്നുവിളിക്കുന്നത് വി മൺ ഫ്രെിലി അല്ലെന്ന ഒരു തോന്നലുാ യി. എന്റെ ഹൈന്ദവസ്നേഹിതർ ദൈവത്തെ അമ്മയെന്നാണല്ലോ വിളിക്കുന്നത് - അമ്മേ നാരായണ. അതുകൊുതന്നെ പ്രാർത്ഥനകൾ ആരംഭിക്കുമ്പോൾ പിതാവും, മാതാ വുമായ ദൈവമേ എന്നു പറഞ്ഞ് തെ ല്ലുസ്വാതന്ത്ര്യം കാട്ടി. എന്നാൽ, കുറച്ചുകൂടി വെട്ടം കിട്ടിയപ്പോൾ തോന്നി ക്രിസ് തു പരിചയപ്പെടു ത്തിയ അപ്പനിൽ അമ്മയുമുന്ന്. ഒരു നാണയം കളഞ്ഞുപോയപ്പോൾ വിളക്കുകൊളുത്തി വീടിനകം മുഴു വൻ തപ്പുന്ന സ്ത്രീ യാണ് ദൈവം എന്നൊക്കെ ക്രിസ്തു പറയുമ്പോൾ നമുക്ക് പരിചയമുള്ള പിതൃസങ്കല്പ മല്ലത്-കുറെക്കൂടി സ് ത്രൈണമായ ഒന്ന്.

പഴയനിയമവും പുതിയനിയ മവും അപഗ്രഥിക്കുമ്പോൾ പൊതു വേ ഉപയോഗിക്കുന്ന ര് പദങ്ങൾ ന ിഴലും, പൊരുളും എന്നാണ്. സൂര്യ നഭിമുഖമായി നിന്നതുകൊാവണം ക്രിസ്തു പഠിപ്പിച്ചതിന്റെയൊക്കെ ഒരു നിഴൽ ഉല്പത്തിയോളം ന ിവർന്നു കിടക്കുന്നു. ദാ, നോക്കണം, ആദ്യ ത്തെ കൊലപാതകത്തിനു ശേഷം കായേൻ തകർന്നു നിൽക്കു കയാണ്. അയാൾക്കൊരു പാളിച്ച പറ്റി, മാപ്പർ ഹിക്കാത്ത ഒന്ന്. ഇനി യെനിക്ക് രക്ഷയില്ല. എന്നെ കുമു ട്ടുന്നവരൊക്കെ എന്നെ കൊല്ലാന ായും. അയാൾ ദൈ വത്തോട് സങ്ക ടപ്പെട്ടു. ദൈവം പറഞ്ഞു. നിന്നെ ആരും കൊല്ലുകയില്ല. നിന്നെയാരും കൊല്ലാതിരിക്കാൻ വേ ഞാൻ ന ിന്റെ മേൽ ഒരു മുദ്ര പതിപ്പിക്കും. ഹാ! എന്റെ സകലമാന കന്നത്തര ങ്ങൾക്കും, ഹീനതകൾക്കുശേഷവും എനിക്കകമ്പടി വരുന്നവനെ, ന ിന്നിൽ അപ്പനും അമ്മയ്ക്കുമിട യിലെ വരമ്പ് കാണെക്കാണെ ഇല്ലാ താവുന്നല്ലോ.

# പ്രതിവാരധ്യാനം

ഡീ. വിജു ഏലിയാസ്

**20 ഫെബ്രുവരി 2011**

**വാങ്ങിപ്പോയ വൈദീകരുടെ ഞായർ**

വി. മത്തായി 24:42–51

വാങ്ങിപ്പോയ സകല പുരോഹിതരെയും പൊതുവായി അനുസ്മരിക്കുന്ന ഞായറാഴ്ചയാണ് വി. വലിയനോമ്പിനു മുമ്പുള്ള ര് ഞായറാഴ്ചകളിൽ ആദ്യത്തേത്. അനുസ്മരണകൾ കേവലാചാരങ്ങളും യാന്ത്രികാ ഭ്യാസങ്ങളുമല്ല. ഏതനുസ്മരണയും കഴിഞ്ഞുപോയതിനെ വർത്തമാനകാലാവിഷ്കാരം ചെയ്യുവാൻ ബാധ്യതയുള്ളതാണ്.

സഭയിൽ രുതരത്തിലുള്ള പൗരോഹിത്യം ഉ്. (1) പൊതു പൗരോഹിത്യം (general priesthood) വി. മാമോദീസായിലൂടെ വിശ്വാസി സമൂഹം മുഴുവൻ രാജകീയ പുരോഹിത വർഗ്ഗമായി മുദ്രകുത്തപ്പെടുന്നു. (2) പ്രത്യേക പൗരോഹിത്യം (Special priesthood) പഴയനിയമത്തിൽ അഹരോന്യ പൗരോഹിത്യവും, ലേവീഗോത്രത്തെ പൗരോഹിത്യ കർമ്മാനുഷ്ഠാനങ്ങൾക്കായി വേർതിരിച്ചതുമെല്ലാം അടിസ്ഥാനമാക്കിയുള്ളതാണിത്. കർത്താവ് വി. കുർബ്ബാന സ്ഥാപിച്ചപ്പോൾ പങ്കാളികളാക്കിയതും പാപമോചനാധികാരം നൽകിയതും പരി. ശ്ലീഹന്മാർക്കാണെന്നുള്ള കാര്യവും ഇത്തരുണത്തിൽ പ്രസ്താവ്യമാണ്. ആ ശ്ലൈഹീക പിന്തുടർച്ചയാണ് ക്രിസ്തീയ സഭയിലെ പ്രത്യേ ക പൗരോഹിത്യത്തിന് ആധാരം.

ശ്ലൈഹീക പിന്തുടർച്ചയിലൂടെ ലഭ്യമായ നൽവരങ്ങൾ സഭയിൽ വിതരണം ചെയ്യുകയും സഭാസമൂഹത്തെ മുമ്പിൽ നിന്ന് നയിക്കുകയും സഭയ്ക്ക് മുഴുവനും വേയാഗാർ പ്പണം ചെയ്യുകയുമാണ് പുരോഹിത ധർമ്മം. സ്വപ്രഖ്യാപനത്തിലൂടെ ആർ ക്കും പൗരോഹിത്യഗണത്തിലേയ്ക്ക് വരുവാൻ സാധ്യമല്ല. വിളിയും, തെരഞ്ഞെടുപ്പും, അഭിഷേകവും, അയയ് ക്കപ്പെടലുമെല്ലാം ഇതിന്റെ ഭാഗമായി വി. വേദപുസ്തകം സാക്ഷിക്കുന്നു.

വിശ്വസ്തനും ഉണർന്നിരിക്കുന്നവനുമായ ദാസനെക്കുറിച്ചാണ് ഇന്ന ത്തെ വി. വേദഭാഗം പ്രതിപാദിക്കുന്നത്. യുഗാന്ത്യ പ്രത്യക്ഷതയിൽ കർത്താവിനെ എതിരേൽക്കുവാൻ സന്നദ്ധരായി നിൽക്കുവാനുള്ള ആ ഹ്വാനമാണ് ഇവിടെ അനാവൃതമാകുന്നത്. പലപ്പോഴും ലോകാവസാനം വിദൂരമാണെന്നുള്ള ചിന്താഗതി നമ്മെ ഭരിക്കാറു്. ജീവിത സായാഹ്നങ്ങൾ മാത്രം ദൈവാഭിമുഖ്യമുള്ളവരായി ജീവിച്ചാൽ മതിയെന്നുള്ള മിഥ്യാധാരണ നമ്മുടെ ചിന്താമഡലങ്ങളിൽ പരോക്ഷമായിട്ടെങ്കിലും നിഴലിക്കാറു്. എന്നാൽ ഏത് നിമിഷവും മണിക്കൂറും യുഗാന്ത്യം സംഭവിക്കുവാൻ പര്യാപ്തമാണെന്നുള്ള തിരിച്ചറിവാണ് നമുക്കാവശ്യം. അത്തരത്തിൽ നോക്കിക്കാണുന്ന ഒരാൾക്കു മാത്രമേ വിശ്വസ്തതയോടും ഉണർവ്വോടും കൂടി കർത്താവിനെ എതിരേൽക്കുവാൻ സാധ്യമാകുകയുള്ളൂ.

---

ഒന്നോർത്താൽ എല്ലാ അപ്പന്മാരും അടിസ്ഥാനപരമായി സ്ത്രീകൾ തന്നെ. ആൻഡ്രിജൻ എന്നൊരു ഹോ ർമോണിന്റെ ബലംകൊ് മീശപിരി ച്ചും മുമടക്കിക്കുത്തിയും നടക്കുന്നുവെന്നേയുള്ളൂ. പ്രായമാകുന്തോറും അതിന്റെ അനുപാതം കുറഞ്ഞു വരുമ്പോഴല്ലേ കള്ളി പുറത്താകുന്നത്! അപ്പൻ അമ്മയേക്കാൾ പാവമാകുന്നു.

കിട്ടില്ലേ, നിങ്ങൾ വീട്ടിലെത്താൻ വൈകുമ്പോൾ അമ്മ ശാന്തമായി ഇരിപ്പുാകും. അപ്പൻ അങ്ങോട്ടുമിങ്ങോട്ടും നടന്ന് പരവശനായിട്ടുാകും.

ദൈവത്തെ അപ്പനായി പഠിപ്പിക്കുകവഴി ഭൂമിയിലെ സമസ്തമാന അപ്പന്മാരെയും അവൻ വെട്ടിലാക്കി. ഒരുതരം കോൺവേഴ്സ് തിയറി. എ ബിയാണെങ്കിൽ ബി എ ആകാതെ തരമില്ല ദൈവം അപ്പനാണെങ്കിൽ അപ്പൻ ദൈവവുമാകേ. എല്ലാ അപ്പന്മാരും അത്ര ദൈവങ്ങളാണോ?

ജീവിതത്തിലെ ഏറ്റവും വലിയ സുകൃതമായി ഞാനെണ്ണുന്നത് ധ്യാന വും സ്നേഹവും സഹനവും നല്ലൊരനുപാതത്തിൽ പ്രകാശിപ്പിച്ച് എനി ക്ക് ക്രിസ്തു സദൃശനായി നിൽക്കുന്ന അച്ചായനെ. ചെറുപ്പത്തിലേ കുറച്ച് അക്ഷരങ്ങളെന്നെ പരിചയപ്പെടുത്തിയില്ലായിരുന്നെങ്കിൽ എന്റെ കഷ്ടകാണ്ഡങ്ങളെ ഞാനെ ന്നിന്ന് അഭിമുഖീകരിച്ചേനേ? പെരുമഴയിൽ ചെറുപ്രാണികൾക്കിപ്പോഴും കടലാസുവഞ്ചിതന്നെ അഭയം. എല്ലാ മക്കളും അത്ര സുകൃ തം ചെയ്തവരല്ല. ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യം എന്തെന്ന് ചോദിച്ചപ്പോൾ 'നല്ല തന്തയ്ക്ക് പിറക്കണം – എനിക്കിതില്ലാതെ പോയി' എന്ന് കയർത്ത എം. കൃഷ്ണൻനായർ സാറിനെ ഓർക്കുന്നു. അപ്പനിൽ നിന്ന് കഠിനമായി പരിക്കേറ്റ എത്രയോ മക്കളെ ഞാൻ കിരിക്കുന്നു. അവരോട് ഞാൻ അ ീസിയിലെ ഫ്രാൻസിസിനെക്കുറിച്ചു പറയും. ആൾക്കൂട്ടത്തിനു മദ്ധ്യേ സ്വന്തം അപ്പന് അവകാശപ്പെട്ടതെല്ലാം അയാൾ തിരികെ വെയ്ക്കുന്നു. ഇനിയുള്ളത് ഉടുത്തിരിക്കുന്ന വസ്ത്രം മാത്രം. അതുകൂടി ഉരിഞ്ഞുവച്ച് ആകാശങ്ങളിലേയ്ക്ക് കരങ്ങളുയർത്തി അയാളിങ്ങനെ നിലവിളിച്ചു: ''ഇന്നോളം പീറ്റർ ബർണദോനായിരുന്നു എന ിക്ക് പി താവ്. ഇനി അത് ആകാശങ്ങളിലിരിക്കുന്ന തമ്പുരാനാണ്.'' അപ്പനിൽ നിന്ന് പരിക്കേറ്റവനെ സ്വർഗ്ഗം സ്നേ ഹം കൊ് പുതപ്പിച്ചു. അതയാളുടെ രാം പിറവി.

ദൈവഹിതത്തിനായി ജാഗ്രതയോടെ ഇരിക്കുകയും തങ്ങളുടെ ശുശ്രൂഷയിലൂടെ പ്രവാചകദൗത്യം നിർവ്വഹിക്കുകയും നമ്മെ ആത്മീയമായി ജനിപ്പിക്കുകയും വളർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്ത് തിരശ്ശീലയ്ക്കപ്പുറത്ത് സജീവരായിരുന്ന് നമുക്കുവേി മദ്ധ്യസ്ഥം വഹിക്കുന്ന പിതാക്കന്മാരുടെ ഓർമ്മ നമ്മെ പുതിയ ദിശാബോധത്തിലേയ്ക്കും ഉണർവ്വിലേയ്ക്കും നയിക്കട്ടെ. നമ്മിലൂടെ അവരുടെ സൽപ്രവൃത്തികൾ സജ്ജീവമാകുകയും ജനത്തിന് അനുഭവവേദ്യമായിത്തീരുക യും ചെയ്യട്ടെ. അവർക്കുവേി പ്രാർ ത്ഥിക്കുവാനും അവരുടെ പ്രാർ ത്ഥന നമുക്ക് സഹായമായിത്തീരുവാനും ഇടയാകട്ടെ.

**27 ഫെബ്രുവരി 2011**

**എല്ലാ വാങ്ങിപ്പോയവരുടെയും ഞായർ**

വി. ലൂക്കോസ് 12:32–48

വാങ്ങിപ്പോയ സകലരെയും അനുസ്മരിക്കുന്ന ദിവസമാണിന്ന്. ക്രിസ്തീയ ജീവിതത്തിൽ ആത്മീയ ജീവിതമെന്നും ലൗകീക ജീവിതമെന്നുമുള്ള വേർതിരിവുകളില്ല. ക്രിസ്തുവിലായ ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം അവന്റെ ജീവിതത്തിന്റെ സമസ്ത മേഖലകളിലും നിറഞ്ഞുനിൽക്കേത് ആദ്ധ്യാത്മീക ചൈതന്യമാണ്. അത് കേവലം ആരാധനയുടെ അവസരത്തിൽ അല്ലെങ്കിൽ ദേവാലയത്തിൽ പ്രവേശിക്കുമ്പോൾ ആരംഭിക്കുന്നതും ദേവാലയം വിട്ടിറങ്ങുമ്പോൾ അവസാനിക്കുന്നതുമായ ഒന്നല്ല. ജീവിതത്തിൽ നിരന്തരമായി നിറഞ്ഞുനിൽക്കുന്ന ക്രിസ്തുസാന്നിധ്യബോധമാണ്. ക്രിസ്തുവിനോ ടു കൂടെ, ക്രിസ്തുവിനെപ്പോലെ, ക്രി സ്തുവിലായ അനുഭവമാണത്.

ക്രിസ്തുവിൽ ജീവിക്കുന്നവർക്ക് മരണം തികച്ചും ശാരീരികമായ ഒരു പ്രതിഭാസം മാത്രമാണ്. എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു എന്ന് പരിശുദ്ധനായ പൗലോസ് ശ്ലീഹാ പറയുന്നതിന്റെ അടിസ്ഥാനം മരണം ജീവിതാന്ത്യമല്ല എന്നുള്ള അടിയുറച്ച വിശ്വാസത്തിൽ അധിഷ്ഠിതമായ നിലപാടാണ്. വി. മാമോദീസായിലൂടെ ലഭ്യമാകുന്ന നിത്യജീവന്റെ അനുഭവം ശാരീരികമായ മരണത്തിനപ്പു റം സജീവമായി നിലനിൽക്കുന്ന ദൈ വീക കൂട്ടായ്മയാണ്.

ശാരീരിക മരണത്തെ ഉറക്കമായും ആത്മീയ അധഃപതനത്തിലൂടെ സംഭവിക്കുന്നതിനെ മരണമായും കർത്താവ് പഠിപ്പിക്കുന്നു.

വി. ലൂക്കോസിന്റെ സുവിശേഷം 15-ാം അദ്ധ്യായം 11 മുതലുള്ള വാക്യങ്ങളിൽ ക്രിസ്തു പറയുന്ന ഉപമയി ലെ മുടിയനായ പുത്രനെ ചിത്രീകരിക്കുന്നത് എന്റെ മകൻ മരിച്ചവനായിരുന്നു എന്നുള്ള പിതാവിന്റെ പ്രസ്താവനയിലൂടെയാണ്. (അവിടെ ശാരീരിക മരണം സംഭവിച്ചിട്ടില്ല)

വി. യോഹന്നാന്റെ സുവിശേഷം 11-ാം അദ്ധ്യായത്തിൽ മരിച്ച് നാലുദിവസമായ ലാസർ നിദ്രകൊള്ളുന്നു എന്നാണ് കർത്താവ് പറയുന്നത് (ഇവിടെ ശാരീരികമായി ലാസർ മരിച്ചു). ശാരീരികമായ മരണത്തിന് ഒരു ഉണർത്തലിന്റെ ആവശ്യമാണുള്ളതെങ്കിൽ ആത്മീയമായും ധാർമ്മികമായുമെല്ലാമുള്ള അധഃപതനത്തിലൂടെ സംഭവിക്കുന്ന മരണത്തിന് അനുതാപത്തിന്റെ ഉണർത്തലാണ് ആവശ്യം.

ഇന്നത്തെ വായനാഭാഗം പ്രധാനമായും അനശ്വരമായി നിലനിൽക്കു ന്ന നിക്ഷേപങ്ങളെ ഉാക്കിക്കൊള്ളുവാൻ ആഹ്വാനം ചെയ്യുന്നു. ഭൂമിയിലുള്ള സകല നിക്ഷേപങ്ങളും നിലനിൽക്കാത്തതും തകർന്നുപോകുന്നതുമാണ് എന്ന് വേദഭാഗം ഓർമ്മിപ്പിക്കുന്നു. നശ്വരമായ പല നിക്ഷേപങ്ങളും സമ്പാദിച്ച് ആത്മസംതൃപ്തി കത്തുവാൻ ശ്രമിക്കുന്ന ആധുനിക സമൂഹത്തിനുള്ള താക്കീതാണ് വി. വേദഭാഗത്തിലൂടെ വെളിവാകുന്നത്. നമ്മുടെ സമ്പാദ്യങ്ങളിലും ശേഖരണങ്ങളിലും മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്ന അനുഭവത്തിൽ നിന്നുള്ള വിടുതലും വിമോചനവുമാണ് ദൈവകേന്ദ്രീകൃതമായ ജീവിതത്തിന് നമ്മെ പ്രാപ്തരാക്കുന്നത്.

വിമത താല്പര്യങ്ങളും, ലക്ഷ്യങ്ങളും നമുക്കില്ലാതിരിക്കുമ്പോൾ വിശ്വസ്തനും, ബുദ്ധിമാനുമായ ദാസനടുത്തുള്ള ഉണർവ്വും, ജാഗ്രതയും നമുക്കു ലഭിക്കും. അത്തരത്തിൽ ദൈ വീക പ്രത്യക്ഷതയെ പ്രതീക്ഷിച്ചിരിക്കുന്ന നിത്യമായ ആദ്ധ്യാത്മീക സം തൃപ്തി കരഗതമാക്കുവാൻ നമുക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**6 മാർച്ച് 2011**

**കൊത്തിനേ ഞായർ**

വി. യോഹന്നാൻ 2:1–11

വി. നോമ്പിന്റെ ആദ്യത്തെ ഞായറാഴ്ച കർത്താവ് കല്യാണവിരുന്നിൽ അടയാളങ്ങളുടെ ആരംഭമായി വെള്ളത്തെ മേൽത്തരം വീഞ്ഞാക്കി രൂപാന്തരപ്പെടുത്തിയ സംഭവത്തെ അനുസ്മരിക്കുന്നു. വിവാഹവിരുന്നി ലെ കുറവിനെ കത്തെി തന്റെ മകനോട് അറിയിച്ച മാതാവിനേ ാട് കർ ത്താവ് പറയുന്നത് നാഴിക ഇതുവരെയും ആയിട്ടില്ല എന്നാണ്. നാഴികയിൽ താൻ പ്രവേശിക്കുന്നതിനെയും അതിൽ അനുഭവിക്കാനിരിക്കുന്ന തീവ്രമായ് വേദനപ്പെടുത്തുന്ന സംഭവങ്ങളുടെയും സഹനങ്ങളുടെയും ഘോഷയാത്രയെപ്പറ്റിയുമെല്ലാം വ്യ ക്തമായ ബോധ്യമുള്ള കന്യകമറിയം, പുത്രനെപ്പറ്റി തനിക്കുള്ള മാതൃതുല്യമായ വ്യഥകളെയെല്ലാം കടിച്ചമർത്തിക്കൊാണ് വീട്ടുടമസ്ഥന്റെ വിഷമസന്ധിയിൽ വീ ഞ്ഞിന്റെ ദൗർലഭ്യം പരിഹരിച്ചുകൊടുക്കുവാൻ യേശുവി നേ ാട് ആവശ്യപ്പെടുന്നത്. ഇത്തരുണത്തിൽ കർത്താവിന്റെ പ്രതികരണത്തിന്റെ ധ്വനി തികച്ചും തന്നെപ്പെറ്റ അമ്മയോടുള്ള സ്നേഹത്തിന്റെയും കരുതലിന്റെയും പ്രതിഫലനമായി കരുതാവുന്നതാണ്.

ആ അമ്മയും മകനും തമ്മിലുള്ള സ്നേഹത്തിന്റെ സ്വാതന്ത്ര്യത്തിലധി ഷ്ഠിതമായ ബന്ധമാണ്

'അവൻ നി ങ്ങളോട് എന്തെങ്കിലും കല്പിച്ചാൽ അത്ചെയ്‌വിൻ' എന്ന് മാതാവ് ശുശ്രൂഷക്കാരോട് പറയുന്നത്. പുത്രൻ ത ന്റെ ആവശ്യത്തെ നിവർത്തിച്ചുകൊടുക്കും എന്ന ഉറപ്പ് മാതാവിനുായിരുന്നു. തന്റെ വ്യക്തിപരമായ നൊമ്പരങ്ങളെ തൃണവത്ഗണിച്ചുകൊ് മറ്റുള്ളവരുടെ സന്തോഷകാരണമായ മാതാവ് നമുക്ക് മാതൃകയാണ്.

ക്രിസ്തുസാന്നിധ്യമാണ് വെള്ളം വീഞ്ഞായി മാറിയ വലിയ അടയാളത്തിനും അതുവഴി വിരുന്നു ഭവനക്കാർക്കുായ അപമാനത്തിൽ നിന്നുള്ള മോചനത്തിനും കാരണമായിത്തീർന്നത്. നൂതന ആദ്ധ്യാത്മികതയുമായി ഒരു വൈരുദ്ധ്യം ഇവിടെ കാണുന്നു്. ക്രിസ്തുസാന്നിധ്യമാണ് അടയാളങ്ങൾക്ക് നിദാനമായി ഇവിടെ കാണുന്നതെങ്കിൽ അടയാളങ്ങളിലൂടെയും അത്ഭുതങ്ങളിലൂടെയും ക്രിസ്തുവിനെ കാണിച്ചുകൊടുക്കുന്ന സ്വഭാവമാണ് പലപ്പോഴും ഇന്നത്തെ ആദ്ധ്യാത്മികതയിൽ കാ ണുന്നത്. അതുമൂലം മനുഷ്യജീവിതത്തിൽ ഒരാളുടെ മുൻഗണന (priority) യുടെ അടിസ്ഥാനത്തിലാ ണ് ദൈവീക ഇടപെടലുകളെ നാം വീക്ഷിക്കുന്നത്. നിത്യജീവിത മേഖലകളിൽ നാം വലിയ ഗൗരവം കൊടുക്കാത്തതും എന്നാൽ ജീവിതത്തിൽ അത്യന്താപേക്ഷിതവുമായ ചെറുതും വലുതുമായി നിരന്തരമായ ദൈവീക ഇടപെടലുകളെ തിരിച്ചറിയുവാൻ നാം പഠിക്കേിയിരിക്കുന്നു. ചില വൻകാര്യങ്ങളുടെ സാധിക്കലാണ് ദൈവീക ഇടപെടലിന് തെളിവെന്ന് പഠിപ്പിക്കുന്ന നൂതന ആദ്ധ്യാത്മീകത കച്ചവടമനസ്ഥിതിയോടെയുള്ള സുവിശേഷീകരണത്തിന് ഉദാഹരണമാണ്. വേദനപ്പെടുത്തുന്ന അനുഭവത്തിൽ എന്റെ കൃപ നിനക്കുമതി എന്ന ദൈവത്തിന്റെ അരുളപ്പാട് പൗലോസിന്റെ ജീവിതത്തിലെ ദൈവീകാനുഗ്രഹത്തിനുദാഹരണമാണ്. ഏത് ജീവിത സാഹചര്യങ്ങളിലും ദൈവത്തെ നിരന്തരമായി രുചിച്ചറിയുന്ന അനുഭവം ഉാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**13 മാർച്ച് 2011**

**നോമ്പിലെ 2-ാം ഞായർ**

**(കുഷ്ഠരോഗികളുടെ ഞായർ)**

വി. ലൂക്കോസ് 5:12-16

വി. നോമ്പിന്റെ രാമത്തെ ആഴ്ചയിൽ കുഷ്ഠരോഗിക്ക് സൗഖ്യം നൽകുന്നതിനെയാണ് പ്രതിപാദ്യവിഷയമായി പരി. ഏവൻഗേലിയോനിൽ ക്രമീകരിച്ചിരിക്കുന്നത്.

കുഷ്ഠം, സമൂഹം വളരെ വെറുപ്പോടുകൂടിയാണ് കിരുന്നത്. കുഷ്ഠരോഗി പാളയത്തിനു പുറത്ത് പാർക്കണമെന്ന് നിഷ്കർഷിക്കപ്പെട്ടിരുന്നു. ലേവ്യപുസ്തകം 13, 14 അദ്ധ്യായങ്ങളിൽ കുഷ്ഠരോഗിയെപ്പറ്റിയു ള്ള നിയമങ്ങളാണ് വിവരിക്കുന്നത്. കുഷ്ഠം മനുഷ്യശരീരത്തിന്റെ സംവേദന ക്ഷമത നഷ്ടപ്പെടുത്തുന്ന രോഗമാണ്. കുഷ്ഠരോഗികളെ കൈകാര്യം ചെയ്യുന്നതിനെ സംബന്ധിച്ച് വളരെ നീചവും, കഠിനവുമായ നിയമാവലികളാണ് അക്കാലത്ത് നിലനിന്നിരുന്നത്. അത്തരം സാഹചര്യത്തിലാണ് കർതൃസന്നിധിയിലേയ്ക്ക് ഒരു കുഷ് ഠരോഗി കടന്നുവന്ന് കവിഴ്ന്നുവീണ് നിനക്ക് മന ുങ്കിൽ എന്നെ ശുദ്ധനാക്കാൻ കഴിയുമെന്ന് അപേക്ഷിക്കുന്നത്. യേശു ആദ്യം അവനെ തൊട്ടു. ആ സ്പർശനം മാത്രം മതിയായിരുന്നു അവനെ സംബന്ധിച്ചിടത്തോളം അവന്റെ മന ിന്റെ വിങ്ങലുകളെയും ശരീരത്തിന്റെ രോഗാതുരമായ അവസ്ഥയെയും സൗഖ്യമാക്കാൻ. ആരും സ്പർശിക്കാൻ ഇഷ്ടപ്പെടാതിരുന്ന, അറപ്പോടും വെറുപ്പോ ടും മാത്രം നോക്കിക്കിരുന്ന സാഹചര്യത്തിൽ നിന്നും പെരുമാറ്റശൈലിയിൽ നിന്നുമുള്ള വ്യത്യസ്തതയായിരുന്നു കർത്താവിൽ നിന്ന് ആ കുഷ്ഠരോഗി അനുഭവിച്ചത്.

കർത്താവിന്റെ സ്പർശനം സൗ ഖ്യദായകമായ സ്പർശനമായിരുന്നു. അവന്റെ സമസ്ത ഇന്ദ്രിയങ്ങൾക്കും സൗഖ്യം പ്രദാനം ചെയ്യുവാൻ പര്യാപ്തമായ സ്പർശനം. അത് അവനെ സംബന്ധിച്ചിടത്തോളം പ്രകാശത്തിലേയ്ക്കുള്ള വാതായാനങ്ങൾ തുറക്കുവാൻ സാധ്യമായ സ്പർശനമായിരുന്നു. മറ്റുള്ളവരിൽ നിന്നേൽക്കേിവന്നിരുന്ന ദുഷിപ്പിൽ നിന്നും നിന്ദനത്തിൽ നിന്നും ഉരുവായ അന്ധകാരാവസ്ഥയിൽ നിന്നുള്ള വെളിച്ചത്തിലേയ്ക്കുള്ള പ്രവേശനം.

മതവും സമൂഹവും അവന് ഏർ പ്പെടുത്തിയിരുന്ന ബന്ധനത്തിൽ നി ന്നുള്ള വിമോചനമായിരുന്നു കർത്താവിന്റെ സ്പർശനം അവന് സാധ്യമാക്കിക്കൊടുത്തത്. കർത്താവ് അവനുമായി താദാത്മ്യപ്പെടുന്ന അവസ്ഥയാണ് ആ സ്പർശനംവഴി ഉാകുന്നത്. താദാത്മ്യപ്പെടലിന്റെ സ്പർ ശനം അവനെ

## ഉപവാസധ്യാനം നടന്നു

പാമ്പാക്കുടയിലുള്ള സമന്വയ ചാപ്പലിൽ വർഷംതോറും മൂന്ന്നോമ്പു ദിവസങ്ങളിൽ നടത്തിവരുന്ന ഉപവാസധ്യാനം ഈ വർഷം ഫെബ്രു. 14, 15, 16 തീയതികളിൽ നടന്നു. ആദ്യ ദിവസം മർത്തമറിയം വനിതാ സമാജത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട ധ്യാനം ഭദ്രാസന മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസ്യോസ് നയിച്ചു. രാം ദിവസം വൈദീക സംഘത്തിന്റെ നേതൃത്വത്തിൽ നടന്ന ചടങ്ങിൽ ഫാ. സഖറിയ നൈ നാൻ (കോട്ടയം) ധ്യാനഗുരുവായിരുന്നു. മൂന്നാം ദിവസത്തെ ധ്യാനം യുവജന പ്രസ്ഥാനത്തി ന്റെ ആഭിമുഖ്യത്തിലായിരുന്നു. അന്നുച്ചയ്ക്ക് കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാന്റെ മുഖ്യകാർ മ്മികത്വത്തിൽ വി. കുർബ്ബാനയോടെ മൂന്ന്നോമ്പ് ധ്യാനം സമംഗളം പര്യവസാനിച്ചു.

വടകര ഗിലയാദ് മരിയൻ ധ്യാനകേന്ദ്രത്തിലും ഇതേ തീയതികളിൽ നിനുവേ കൺവെൻ

കളിപ്പന്തൽ

# മാതൃപൂജ

അന്ന

വത്സലമെന്ന രാജ്യത്തിലുള്ള പ്രജകളിൽ കുറ്റവാളികൾ കുറവായിരുന്നു. കുറ്റം ചെയ്യാൻ ആരും ധൈര്യപ്പെട്ടിരുന്നില്ല എന്നതാണ് വാസ്തവം. കാരണം മറ്റൊന്നുമായിരുന്നില്ല, രാജാവിന്റെ അതികഠിനമായ ശിക്ഷാരീതികൾ തന്നെ. കുറ്റത്തിന്റെ ഗൗരവം നോക്കി പലതരത്തിലുള്ള ശിക്ഷകളാണ് നടപ്പാക്കിയിരുന്നത്. തലകീഴായി മുള്ളുമരത്തിൽ കെട്ടിത്തൂക്കൽ, ഗുഹയിലിട്ട് ഗുഹാമുഖം മൂടൽ, പാമ്പിൻ കൂട്ടിലോ, വിശന്നിരിക്കുന്ന ഹിംസ്രമൃഗങ്ങളുടെ കൂട്ടിൽ തള്ളൽ, കൈയ്യോ, കാലോ മറ്റ് അവയവങ്ങളോ വെട്ടിക്കളയൽ, ഇരുട്ടറയിൽ പട്ടിണിക്കിട്ട് കൊല്ലൽ, തിളച്ച എണ്ണയിൽ കൈമുക്കൽ എന്നിങ്ങനെ പലതു് ശിക്ഷാരീതികൾ. ഭാഗ്യംകൊോ ദൈവകാരുണ്യം കൊോ മാത്രം ചിലർ രക്ഷപെട്ടെന്നിരിക്കും. അവർ പിന്നീടൊരിക്കലും തെറ്റ് ചെ യ്യാൻ ധൈര്യപ്പെടുകയില്ല.

അങ്ങനെയിരിക്കെ ഒരു പാവപ്പെട്ട വിധവ രാജ്യദ്രോഹക്കുറ്റത്തിന് പിടിക്കപ്പെട്ടു. ശത്രുരാജ്യത്തിൽ പോയി വന്നു എന്നതാണ് കുറ്റം.

പാവം സ്ത്രീ. ഒരു മകനുള്ളത് ശത്രുരാജ്യ സൈന്യത്തിലാണ് ജോലി ചെയ്യുന്നത്. അവിടെത്തന്നെ വിവാഹം കഴിച്ച് ജീവിക്കുന്നു. മകന് നാട്ടിൽ വരാനോ അമ്മയെ കാണാനോ സാധ്യമല്ല. പിടിക്കപ്പെട്ടാൽ കിട്ടുന്ന ശിക്ഷ എന്തായിരിക്കുമെന്ന് ഊഹിക്കാൻ പോലും വയ്യ.

ഒരു മകനും മകളും മാത്രമുള്ള വിധവ. മകളുടെ വിവാഹം കഴിഞ്ഞു എന്നതാണ് ഒരാശ്വാസം. മകളുടെ ഭർത്താവു് വീട്ടിൽ ആൺതുണയായിട്ട്. എങ്കിലും സ്വന്തം മകനെ കാണാനുള്ള ആഗ്രഹം അവരിൽ ശക്തമായി. എത്രകാലമായി ക്ഷമിക്കുന്നു! മരിക്കും മുമ്പ് മകനെയും കുടുംബത്തെയും ഒന്നു കാണുക എന്ന് നിശ്ചയിച്ചാണ് അവർ ശത്രുരാജ്യത്തിലേ യ്ക്ക് ഒളിച്ചുപോയതും തിരിച്ചുവന്നതും.

പിടിക്കപ്പെട്ടപ്പോൾ അത് രാജ്യദ്രോഹക്കുറ്റമായി അത് വ്യാഖ്യാനിക്കപ്പെട്ടു. മകനെയാണല്ലോ കാണാൻ പോയത് എന്നാതായിരുന്നില്ല പ്രത്യുത, ശത്രുസൈന്യത്തിലെ പ്രമുഖനെ കാണാൻ പോയി എന്നതായിരുന്നു കുറ്റം. ഇനിയും ഇവർ പോയെന്നിരിക്കും. ചാരപ്രവൃത്തിയായി മാറും. ഇതനുവദിക്കാൻ പറ്റില്ല, അതിനാൽ ഈ സ്ത്രീയെ ഇരുട്ടുമുറിയിലടച്ച് പട്ടിണിക്കിട്ട് കൊല്ലാൻ രാജാവ് കല്പിച്ചു.

“അമ്മയെ ദയവായി കൊല്ലരുത് രാജാവേ!” മകൾ വന്ന് രാജാവിനോട് താഴ്മയായി അപേക്ഷിച്ചു. “അമ്മ ഇനി ചേട്ടനെ കാണുവാൻ ശത്രുരാജ്യത്ത് പോവാതെ ഞങ്ങൾ നോക്കിക്കൊള്ളാം.” പക്ഷേ രാജാവ് സമ്മതിച്ചില്ല. അപ്പോൾ മകൾ മറ്റൊരപേക്ഷ മുന്നോട്ടുവച്ചു.

“ഞാൻ ദിവസവും മാതൃപൂജ ചെ യ്യുന്ന ഒരാളാണ് രാജാവേ! അമ്മയു ടെ മരണസമയംവരെ അത് തുടരാനെങ്കിലും എന്നെ അനുവദിക്കണം.”

മാതൃപൂജയോ? എങ്ങനെ? രാജാവ് ചോദിച്ചു. “ദിവസവും പ്രഭാതത്തിലും സന്ധ്യയ്ക്കും അമ്മയുടെ പാദങ്ങളിൽ നമസ്കരിച്ച് മാതൃസ്തവങ്ങൾ ചൊല്ലി ധ്യാനിക്കാറു്. അതിന് അനുവദിച്ചാൽ മതി.”

ശരി. സമ്മതിക്കാം. ദിവസത്തിൽ ഒരു തവണയേ പറ്റൂ. രാവിലെയാകട്ടെ. പതിനഞ്ചു നിമിഷമേ തരൂ. പിന്നെ..... പൂജയാണെന്നു പറഞ്ഞ് നിവേദ്യസാധനങ്ങളൊന്നും കൊുവരാൻ പറ്റില്ല. പുറമേനിന്നോ തടവറയ്ക്കുള്ളിൽ നിന്നോ യാതൊരു വസ് തുവോ കയ്യിൽ കൊുവരുവാനോ കൊുപോകുവാനോ അനുവദിക്കുകയില്ല. പൂവിനു പകരം അല്പം തുള സി കരുതുന്നതിൽ വിരോധവുമില്ല.

പൂജിച്ചോട്ടെ....... ഏറിയാൽ എട്ടോ പത്തോ ദിവസം മാത്രമല്ലേ എന്നു രാജാവ് നിനച്ചു. മകൾ സന്തോഷത്തോടെ പോകുകയും ചെയ്തു.

അടുത്തദിവസം രാവിലെ മകൾ വന്നു. ഭടന്മാർ അവളെ പരിശോധിച്ചു. കയ്യിൽ കുറച്ച് തുളസീദളങ്ങളേ ഉള്ളൂ. അവർ ഇരുട്ടു നിറഞ്ഞ ഇടനാഴിയിലൂടെ പന്തം പിടിച്ച് അവളെ അമ്മ കിടക്കുന്ന ഇരുട്ടറയിലെത്തിച്ച് തിരികെ പോയി.

ര്, മൂന്ന്, നാല്, അഞ്ച് ...... ഏഴുദിനങ്ങൾ കടന്നുപോയി. ഇന്ന് ചെന്നാൽ അമ്മയുടെ ചലനമില്ലാത്ത ശരീരത്തിൽ മകൾ വീണ് നിലവിളിക്കുന്നതാകും കേൾക്കേി വരിക എന്ന് പിന്നീടുള്ള ഓരോ ദിവസവും ഭടന്മാർ ഓർത്തു. പത്ത് ദിവസം കഴിഞ്ഞിട്ടും അതുായില്ല. രാജാവ് അന്വേഷിച്ചു. ഇതിൽ എന്തോ രഹസ്യമുള്ളതായി തോന്നുന്നുവല്ലോ. സ് ത്രീയെ ശരിയായി പരിശോധിച്ചല്ലേ നിങ്ങൾ അകത്തുവിടുന്നത്?

“അതേ പ്രഭോ! അനുവദിക്കപ്പെട്ട ഒരു പിടി തുളസിയില മാത്രമേ കയ്യിൽ ഉാകാറുള്ളൂ. ഒറ്റ വസ്ത്രത്തോടെയാണ് അവർ പോകുന്നത്.”

“എങ്കിൽ അവർ അകത്തു ചെന്നതിനുശേഷം നാളെ എനിക്കൊന്ന് ചെല്ലണം. എന്ന് പന്തക്കാരോടു പ റയൂ.”

അടുത്ത ദിവസം പന്തക്കാരുമായി ഇരുട്ടുമുറിയിലേയ്ക്ക് പോയ രാജാവ് ആ കാഴ്ച ക് അത്ഭുതസ്തബ്ധനായി നിന്നു. യുവതിയായ മകളുടെ മടിയിൽ തലവച്ച് കിടക്കുകയാണ് എന്നേ തോന്നൂ. പക്ഷേ,

പ്രത്യാശാശ്രുതി

# ദാരിദ്ര്യം

ജെർളി

"ദാരിദ്ര്യം ഐശ്വര്യമാണ്. അതാരും അടിച്ചേല്പിച്ചതല്ലെങ്കിൽ."

**ക്രി**സ്തുമസ് ദാരിദ്ര്യത്തിന്റെ ഉത്സവമാണ്. നിസ്വനായി ജനിച്ച്, നിസ്വനായിത്തന്നെ കടന്നുപോയ ഒരുവന്റെ ജന്മദിനം. ഏത് ദരിദ്രന്റെയും പുത്രനെപ്പോലെ, അവനും ജന്മദിനമെന്നൊന്നില്ലായിരുന്നു. അതിഹ്രസ്വമായ ആ ജീവിതത്തിനിടയിൽ അങ്ങനെ ഒരു ദിനത്തെക്കുറിച്ച് ആരും ഓർത്തിരിക്കാനും ഇടയില്ല. എന്നിട്ടും അവന്റെ പിൻഗാമികൾ റോമാക്കാരുടെ കീഴടക്കപ്പെടാത്ത സൂര്യന്റെ ജന്മദിനം. അവന്റേതായി അങ്ങാഘോഷിക്കാൻ തീരുമാനിച്ചു. കടംവാങ്ങിയ ഒരു ജന്മദിനം. ഇന്ന് ലോകമെമ്പാടും അവന്റെ അനുയായികൾ അതിനെ ധൂർത്തിന്റെയും ആർഭാടത്തിന്റെയും ഒരു ഉത്സവമായി കൊാടുന്നു. പിറന്നാൾദിനത്തിൽ ഒന്നു നിറച്ചിട്ടുപോലുമില്ലാത്തവന്റെ പേരിൽ മുറിക്കപ്പെടുന്ന കോടിക്കണക്കിന് കേക്കുകൾ, പാനം ചെയ്യപ്പെടുന്ന ദശലക്ഷക്കണക്കിന് ഗ്യാലൻ മദ്യം ചരിത്രത്തിന്റെ ഒരു കറുത്ത ഫലിതം.

തിരുസഭപോലും എന്നേ മറന്നുകഴിഞ്ഞ ഒന്നാണ് ക്രിസ്തു മുന്നോ ട്ടുവച്ച ദരിദ്രനായിരിക്കുക എന്ന ആശയം. പഴയനിയമവും പുതിയനിയമവും വ്യതിരക്തമാകുന്നത് അവ മുന്നോട്ടു വയ്ക്കുന്ന ആശയസംഹിതകളുടെ വൈരുദ്ധ്യത്താൽ മാത്രമല്ല, ദാരിദ്ര്യത്തോടുള്ള നിലപാടുകളിൽ ക്കൂടിയാണ്. ദരിദ്രനായിത്തീരുക എന്നത് പഴയനിയമത്തെ സംബന്ധിച്ചിടത്തോളം അതികഠിനമായ ദൈവശിക്ഷയാണ്. ദൈവം ജോബിനെ പരീക്ഷിക്കുന്നത് രോഗത്തേക്കാളേ റെ ദാരിദ്ര്യംകൊാണ്. സമ്പത്തുകൊനുഗ്രഹിക്കണേ എന്ന മുറിവിളിയാണതിലെമ്പാടും. എന്നാൽ ക്രിസ്തുവിന്റെ പുതുനിയമത്തിലേയ്ക്കെത്തുമ്പോൾ ദരിദ്രനായിരിക്കുക എന്നത് ദൈവരാജ്യത്തിലേയ്ക്കുള്ള ഏകമാർഗ്ഗമായി മാറുന്നു. അന്നന്നുവേുന്ന ആഹാരത്തിനായല്ലാതെ മറ്റൊന്നും ചോദിക്കുവാൻ ക്രിസ്തു നമ്മെ പഠിപ്പിക്കുന്നില്ല. സർവ്വവും ത്യജിച്ച് നിസ്വനാവാതെ ഒരുവൻ ര ക്ഷപ്രാപിക്കുന്നില്ല എന്ന് ക്രിസ്തു തറപ്പിച്ചുതന്നെ പറയുന്നു്. അതുകൊുതന്നെ ക്രിസ്തുവിന്റെ രാ ഷ്ട്രീയം പൂർണ്ണമായും ദാരിദ്ര്യത്തിലധിഷ്ഠിതമാണ്. ഉയർത്തപ്പെടുന്ന താഴ്വരകളുടെയും നിരപ്പാക്കപ്പെടു ന്ന കുന്നുകളുടെയും രാഷ്ട്രീയം. അസമത്വങ്ങൾക്കെതിരെയുള്ള ഏത് പോരാട്ടത്തിന്റെയും പിന്നിലുള്ള പ്രത്യയശാസ്ത്രത്തിന്റെ തായ്വേര് ചികയുകയാണെങ്കിൽ എത്തിച്ചേരുക മിക്കവാറും ക്രിസ്തുവിലായിരിക്കും. അതുകൊാണ് ഹിറ്റലർ, ബോൾ ഷെവിസത്തെ ക്രിസ്ത്യാനിത്വത്തി ന്റെ അവിഹിത സന്തതി എന്ന് വിശേഷിപ്പിക്കാൻ ധൈര്യപ്പെട്ടത്. അയാളുടെ വിഷം വമിക്കുന്ന വാക്കുകൾ ശ്രദ്ധിക്കുക:-

"The heaviest blow that ever struck humanity was the coming of Christianity. Bolshevism is Christianity's illegitimate child. Both are inventions of the Jews".

---

മകൾ അമ്മയെ മുലയൂട്ടുകയാണ്! ഇതാണോ മാതൃപൂജ?

വന്നത് രാജാവാണെങ്കിലും അമ്മയോ മകളോ എഴുന്നേൽക്കുകയുായില്ല. ഭക്ഷണം കഴിക്കുമ്പോൾ എഴുന്നേറ്റ് ആരെയും ഉപചരിക്കേതില്ല എന്നതാണ് വ്യവസ്ഥ.

രാജാവിന് ദ്വേഷ്യം വന്നു. അദ്ദേ ഹം തിരിഞ്ഞു നടന്നുകൊ് ഭടന്മാരോട് കല്പിച്ചു, "അല്പം കഴിഞ്ഞ് ഇവർ രുപേരെയും ഹാജരാക്കൂ." അമ്മയെയും മകളെയും രാജസന്നിധിയിൽ കൊുവന്നു. രാജാവിന്റെ മുമ്പിൽ തലകുനിച്ചു നിന്നു. അദ്ദേഹം ക്ഷോഭത്തോടെ ചോദിച്ചു.

"ലജ്ജയില്ലേ! ഇതാണോ മാതൃപൂജ എന്നു പറഞ്ഞത്? കുറ്റവാളിയെ സംരക്ഷിച്ച നീയും വധശിക്ഷയെ നേരിടാൻ തയ്യാറായിക്കൊള്ളൂ."

"എനിക്കതിൽ സങ്കടമില്ല രാജാവേ! അങ്ങയുടെയും, ഈ മഹാരാജ്യത്തിന്റെയും കണ്ണിൽ എന്റെ അമ്മ കുറ്റവാളിയായിരിക്കാം പക്ഷേ, എനിക്ക് രക്ഷകയാണ്. മാതൃപൂജ തന്നെയാണ് ഞാൻ ചെയ്തതും. മൂന്ന്മാസം പ്രായമായ ഒരു കുഞ്ഞിന്റെ അമ്മയാണ് ഞാൻ. ആ കുഞ്ഞിനെപ്പോലെ ഞാനും നി ാഹയായിരുന്നപ്പോൾ മുലപ്പാലു നൽകി സ്നേഹത്തോടെ അമ്മ എന്നെ വളർത്തിയില്ലേ? ആ സ്നേഹവും, മുലപ്പാലും ഭാഗ്യവശാൽ അമ്മയ്ക്ക് ഈ അവശാവസ്ഥയിൽ തിരിച്ചു നൽകുവാൻ എനിക്ക് കഴിഞ്ഞുവല്ലോ. അതിൽ സന്തോഷമു്. ഒരു കടംവീട്ടലിന്റേതായ സുഖവും!"

അവൾ തെല്ലൊന്ന് നിർത്തിയിട്ട് തുടർന്നു. "ഇനിയും വധശിക്ഷയാണ് അങ്ങ് ഞങ്ങൾക്ക് കല്പിക്കുന്നതെങ്കിൽ അത് സ്വീകരിച്ചുകൊള്ളാം. ഒപ്പം മുലപ്പാലിനെ മാത്രം ആശ്രയിക്കുന്ന എന്റെ ഈ കൈക്കുഞ്ഞിനെക്കൂടി അങ്ങ് ശിക്ഷിക്കണമെന്ന് അപേക്ഷയു്. തലമുറകളെ ബന്ധിക്കുന്ന ഈ വാത്സല്യകണ്ണി സ്വർഗ്ഗത്തിലും ഞങ്ങൾക്ക് തുടരാമല്ലോ!"

ചിന്താധീനനായ രാജാവിന്റെ മുഖം ആകെ വിളറിയിരുന്നു. അദ്ദേ

ആ ര് യഹൂദർക്കും പൊതു വായൊന്നുകൂടിയുായിരുന്നു, ദാരിദ്ര്യം. മാത്രമല്ല, മാർക്സ് മതത്തെ എത്രവെറുത്തിരുന്നുവെന്നാലും, അദ്ദേഹം മുന്നോട്ടുവച്ച സാമ്പത്തീക -സാമൂഹിക-അസമത്വങ്ങൾക്കെതിരെയുള്ള കാഴ്ചപ്പാടുകൾക്ക് ക്രിസ്തുവിനോട് വ്യക്തമായും കടപ്പാടു്.

ഒരു സംഘടിത മതമായി മാറിയതോടെ ക്രിസ്തുമതം എത്രമാത്രം ദരിദ്രരിൽ നിന്ന് അകന്നുപോയോ, അതിനേക്കാളേറെ അകലം, മാർക്സിന്റെ രാഷ്ട്രീയ നിലപടുകളെ പി ന്തുടർന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി ഇന്ന് ദരിദ്രരിൽ നിന്ന് സൂക്ഷിക്കുന്നു. പ്ര സ്താവനകളും ഇടയലേഖനങ്ങളുമായി പാർട്ടിയും സഭയും ഈ കൊച്ചുകേരളത്തിൽ കൊമ്പു കോർക്കുമ്പോൾ നാമോർക്കേത് ഈ സമാനതയാണ്. സഭയെ സംബന്ധിച്ചിടത്തോളം, ദരിദ്രർ ദൈവരാജ്യത്തിന്റെ അവകാശികളെന്ന സങ്കല്പത്തിൽ നിന്ന് ധനികർക്ക് തങ്ങളുടെ ദാനധർമ്മങ്ങൾ വഴി സ്വർഗ്ഗപ്രാപ്തി ഉറപ്പുവരുത്തുന്നതിനുള്ള വെറും ഉപകരണങ്ങളായി തരംതാണിരിക്കുന്നു. തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിലൂടെ ദാരിദ്ര്യം തുടച്ചുനീക്കാനാവുമെന്ന് സ്വപ്നം ക മാർക്സിന്റെ അനുയായികൾ ചൈനയിലും ബംഗാളിലുമൊക്കെ എന്നേ ഒരു വരേണ്യവർഗ്ഗമായി മാറിക്കഴിഞ്ഞു. പാവപ്പെട്ടവരുടെ കുഞ്ഞാടുകളെ കവർന്നെടുത്ത് തങ്ങളുടെ സമ്പന്നരായ അതിഥികൾക്ക് വിരുന്നൊരുക്കാൻ പോലും മടിയില്ലാത്ത ഒരവസ്ഥയിലേയ്ക്കുള്ള രൂപാന്തരം ഒരു വർത്തമാനകാല യാ ഥാർത്ഥ്യമായി നന്ദിഗ്രാമിലും സിംഗൂരിലും ചെറിയ അളവിൽ വല്ലാർപാടത്തും വടുതലയിലും കാക്കനാട്ടുമൊക്കെ നമ്മെ വേട്ടയാടിക്കൊിരിക്കുന്നു. 'ആ മനുഷ്യൻ നീ തന്നെയെന്ന്' വിളിച്ചുപറയുന്ന പ്രവാചകരു ടെ മുഖത്തടിക്കാൻ പോലും ഗോലിയാത്തായി പരിണമിച്ച പുതിയ ദാവീദുമാർ തയ്യാറാണ്.

ദാരിദ്ര്യം ഒരു പാതകമായി കണക്കാക്കപ്പെടുന്ന ഒരു കാലമാണിത്. ദൈവത്തിന്റെ ദരിദ്രനെന്ന് വിളിക്ക പ്പെടാനാശിച്ച ഫ്രാൻസിസും, കപിലവസ്തുവിലെ സമ്പൽസമൃദ്ധിയിൽ നിന്ന് തെരുവിലേയ്ക്കിറങ്ങിയ സിദ്ധാർത്ഥനും, അർദ്ധനഗ്നനായ ഫക്കീർ എന്ന അപമാനത്തിൽ അതിരറ്റ് അഹ്ലാദിച്ച കർമ്മചന്ദ്രനുമൊക്കെ ഇന്ന് അതിജീവനത്തിനർഹമല്ലാത്ത ജനിതക പരമ്പരയിൽ പെടുന്നു. സ്വയം വരിച്ച ദാരിദ്ര്യത്തിലൂടെ സാമ്രാജ്യത്വത്തെ വെല്ലുവിളിച്ച ഗാന്ധിജി കറൻസിയിലെ ഒരു മുദ്രമാത്രമായി ഒതുങ്ങിയിരിക്കുന്നു. അതെ, അടി മുതൽ മുടിവരെ ദരിദ്രനായിരിക്കാൻ ആഗ്രഹിച്ച രാഷ്ട്രപിതാവിന് സ്വന്തം നടിന്റെ ശ്രാദ്ധാഞ്ജലി.

ഇരുപതുകോടി മനുഷ്യർ അത്താഴപ്പട്ടിണി കിടക്കുന്ന നമ്മുടെ നാട്ടിലെ മുകേഷ് അംബാനിയാണത്രേ ഇന്ന് ലോകത്തിലെ ഏറ്റവും വലിയ ധനികൻ. മരിയൻ ഗർത്തത്തിൽ നിന്നുപോലും മണ്ണുമാന്തിയെടുത്ത് അംബാനിമാർ തങ്ങളുടെ എവറസ്റ്റുകളുടെ ഉയരം കൂട്ടിക്കൊിരിക്കും. ആഗോളീകരണത്തിന്റെ ഈ കാലത്ത് ദരിദ്രൻ കൂടുതൽ ദരിദ്രനായിക്കൊയേിരിക്കും, ധനികൻ കൂടുതൽ ധനികനും. ആഗോളീകരണത്തിന്റെ ഈറ്റില്ലവും പറുദീസയുമായ ഐക്യരാഷ്ട്രനാടുകളിൽ നിന്ന് നമ്മു ടെ നാട്ടിലെത്തുന്ന സഞ്ചാരികളിൽ ഭൂരിഭാഗവും ബായ്ക്ക് പായ്ക്കുകളാണെന്നറിയുക. തൊഴിലില്ലായ്മ വേതനവും വാർദ്ധക്യകാല പെൻഷനും വാങ്ങി ഇന്ത്യയിലേയ്ക്കും മറ്റ് മൂന്നാം ലോക രാഷ്ട്രങ്ങളിലേയ്ക്കും കടക്കുന്നവർ. നമ്മുടെ പിച്ചച്ചട്ടിയിൽ കയ്യിട്ടുവാരി ഇത്തിരി കാലമെങ്കിലും സു ഖസമൃദ്ധിയിൽ കഴിയാനെത്തുന്നവർ. ഇത്തരക്കാരെ മുന്നിൽ കു കൊ് അന്താരാഷ്ട്ര നാണ്യനിധിയിൽ നി ന്നും വായ്പയെടുത്ത് ടൂറിസം വിക സിപ്പിക്കാനൊരുങ്ങുന്നവർക്ക് അയ്യോ കഷ്ടം!

ഇന്ത്യയിൽ ഇന്ന് പട്ടിണിക്കാർ ഐ.എം.എഫ്. ൽ നിന്നും എ.ഡി.ബി. യിൽ നിന്നും പണം കടംവാങ്ങാനു ള്ള പണയപ്പങ്ങൾ മാത്രം. അങ്ങ നെ കിട്ടുന്ന കാശുകൊ് സേതുസമുദ്രം പദ്ധതിയോ, ചന്ദ്രയാനോ നടപ്പാക്കും. സേതുസമുദ്രം പദ്ധതി എതിർക്കപ്പെടേത്, അതുയർ ത്തുന്ന പാരിസ്ഥിതിക-സാമ്പത്തിക പ്രശ്നങ്ങൾ കൊാണെന്ന് ഞാൻ കരുതുന്നു. അല്ലാതെ രാമസേതു (ബ്രിട്ടീഷുകാരന്റെ പഴയ ആഡംസ് ബ്രിഡ്ജ്) തകർക്കപ്പെടുന്നതു കൊ ല്ല. എങ്കിലും മതപരമായ ഒരാവശ്യമായി സംഘപരിവാർ ചെലുത്തു ന്ന സമ്മർദ്ദത്തിലൂടെയാണെങ്കിലും (ഒരു വലിയ ഓർമ്മത്തെറ്റാണിത്-രാമസേതു തകർത്ത് കനാലുാക്കാനുള്ള രാഷ്ട്രീയ തീരുമാനം കൈ ക്കൊത് ഭാരതീയ ജനതാപാർട്ടിയുടെ ഭരണകൂടമാണ്) സേതുസമുദ്രം പദ്ധതി ഉപേക്ഷിക്കപ്പെടുകയാണെങ്കിൽ സന്തോഷിക്കുക. കാരണം അതിന് ചിലവിടുന്ന അതിഭീമമായ തുകയും അതിന്റെ താങ്ങാനാവാത്ത ആത്യന്തീകമായി ഇന്ത്യയിലെ കോടിക്കണക്കിന് ദരി


## WANTED

P.G. TEACHERS with B.Ed for all subjects

NURSERY TEACHERS (Graduate with NTTC).

Fluency in English is a must for all

**PEON, DRIVERS & WATCHMAN**

Apply within 7 days to:

***Hagia Sophia Public School***

Mattakuzhy, Puthencurz - 682308

Ernakulam District

Ph: 0484-2734300, 2255110

കവിത

## തിരുത്ത്

പിണക്കത്തിൻ കരിയിലകൾ മൂടിക്കിടക്കുന്ന
സ്വാർത്ഥസ്നേഹത്തിൻ നൂലുകൾ ഇഴനെയ്ത
ബന്ധങ്ങൾ ദൃഢമായീടുന്നോരോ നാളിലും
പ്രത്യക്ഷമായത് വിരസമാണെങ്കിലും.
സുതാര്യമായൊരു സ്നേഹത്തിൻ നിർവൃതി
അനിർവചനീയമെന്നറിയുന്ന വേളകൾ
എത്രമധുരതരമെന്നോതുന്ന ഉൾത്തടം
എങ്കിലും തേങ്ങുന്നു മൗനനൊമ്പരത്താൽ.
കേവലം ബാലിശമായുള്ള ചിന്തകൾ
നൈമിഷികമാത്രമെന്നറിയാതെ ചെയ്തോ-
രാപരാധമെല്ലാം ഹൃത്തിൻ തടങ്ങളിൽ
ശരശയ്യതീർത്തെന്നും കുത്തിനോവിക്കുന്നു
വയസ്യനൊരുവന്റേതല്ലാത്ത ഹേതുവാൽ
വന്ന പിഴവുകൾ സഹിക്കാൻ കഴിയാതെ
വേദനതിന്നുന്ന പാവം മന ിനെ
അടുത്തറിഞ്ഞീടാൻ കഴിഞ്ഞീലാർക്കൊട്ടുമേ.
ശരമുനകൾ സൃഷ്ടിച്ച രക്തം കിനിഞ്ഞൊരാ
മുറിവുമായ് നിന്നേറെ ഏകാന്തവീഥയിൽ
വാർന്നൊഴുകീടുന്ന ഹൃദയരക്തം
കുതിർത്തു മായ്ച്ചീടുന്നു വ്യഥകളെല്ലാം.
തിരുത്തീടുവാനേറെയുന്നൊകിലും പക്ഷേ,
ശേഷിയില്ലെന്നറിയുന്ന മാത്രയിൽ
മരവിച്ച ജീവന്റെ അണുവിലോരോന്നിലും
നെടുവീർപ്പുയരുന്നു തിരുത്തുപോലെ.

**ഡോ. റിയാ കെ. ജോൺ**

കവിത

## ഒരു ചോദ്യം

കറവ വറ്റിയ ഗോവിനെ
കശാപ്പുകാരന് വിൽക്കാം.
മുട്ടയിട്ടുതീർന്ന കോഴിയെ
മുന്തിയയിനം കറിയാക്കിടാം.
വീടിനും വീട്ടാർക്കും കാവലായിരുന്ന
കുരകൊുതന്നെയനേകരെ വിരട്ടിയ,
ശുനകനെ പല്ലുകൊഴിഞ്ഞീടുമ്പോൾ
വിഷം നൽകി കൊലചെയ്തിടാം.
നിലമുഴുതുമറിച്ച്, നൂറുമേനി
വിളവിനുപകരിച്ച, കാളകളെ
കശാപ്പുകാരന്റെ കരങ്ങൾക്ക്
വിലപേശിത്തന്നെ നൽകിടാം
ഇവിടെയീ അവനിയിലൊരു ചോദ്യം
നിഴലിച്ചുനിൽക്കുന്നതറിയുക നാം
പല്ലുകൊഴിഞ്ഞ, വടിയൊരാശ്രയമാക്കിയ
എന്റെ അച്ഛനും അമ്മയും
ആരുടെ കൈകളിൽ ഏല്പിച്ചിടും
കശാപ്പുകാരന് കൈമാറിടാനോ
വിഷം നൽകിയൊതുക്കാമെന്നാൽ
ലോകം പഴിക്കുമെന്ന ഭീതി
വൃദ്ധർക്കു പാർക്കാൻ മന്ദിരങ്ങൾ
വൃദ്ധരനേകർ ഒപ്പമുാകും
പെട്ടിയും ചട്ടിയും എല്ലാം പെറുക്കി
ഇരുതൊഴിലാളികളുമെത്തിയവരെ ചുമക്കാൻ
വൃദ്ധമന്ദിരത്തിലാക്കി മടങ്ങവേ
നിറകണ്ണുകളോടെ അമ്മ മകനെയ-
രികിൽ വിളിച്ച് കാതിലോതി മറക്കരുതേ നീ
ദിനവും "തുളസിത്തറയിലെ ദീപം തെളിക്കാൻ...."

**റെജി സ്ലീബാ**
ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി,

**SANTHULA TRUST HOSPITAL**
Vadakara, Koothattukulam
Ph: 0485-2250745, 9447575091
*A Clinical and Research Centre of Neuro - Behavioural Science*

**OUR SERVICES:**
- Counselling Centre
- Child and Adolescent Guidance Clinic
- Marital Therapy Centre
- Mental Health Hospital
- De-addiction Clinic with AA Groups
- Geriatric Care Centre and 'Pakal Veedu'
- Rehabilitation Unit
- Learning Disability Clinic
- Resource Centre for Community sensitization and health education
- Psychiatric Training Centre for students- nursing, psychology and psychiatric social work.

**OUR FACILITIES:**
- Regular OPD form 8.30 a.m. to 4 p.m. on Monday to Friday, and upto 1 p.m. only, on Saturdays.
- 24 hr. psychiatric emergency-service
- 60-bedded in-patient residential facility comprising of hygienic, well ventilated general wards,


N.R.No.:412140/90
Reg. No. KL/ALY/0041/2009-11 DIOCESAN BULLETIN
2011 February 15
Rs. 5/-

## കള്ള ആധാരമുാക്കി സഭാസ്വത്തുക്കൾ കൈമാറ്റം ചെയ്യാൻ ശ്രമം

കനാട് ഭദ്രാസനത്തിന്റെ ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ ഉടമസ്ഥതയിലുള്ള തൊടുപുഴ സെയ്ന്റ് മേരീസ് പള്ളിയും പള്ളി സ്വത്തുക്കളും ഒറിജിനൽ ആധാരം നഷ്ടപ്പെട്ടുപോയി എന്നു കളവുപറഞ്ഞ് യാക്കോബായ സുറിയാനി ക്രിസ് ത്യാനി സഭ മെത്രാപ്പോലീത്ത മാത്യൂ സ് മാർ ഈവാനിയോസ് കള്ള ആധാരം സൃഷ്ടിച്ച് പള്ളി ഇടവകക്കാരായ എം.സി. ഷിബു, ബെന്നി ഏലിയാസ് എന്നിവരുടെ പേർക്ക് ഇഷ്ടദാനം ചെയ്ത് എഴുതിക്കൊടുത്തു. പള്ളിയുടെയും സ്വത്തുക്കളുടെയും ഒറിജിനൽ ആധാരങ്ങൾ കനാട് (ഈസ്റ്റ്) ഭദ്രാസനമെത്രാപ്പോലീത്തായുടെ കൈവശം മൂവാറ്റുപുഴ അരമനയിൽ ഇരിക്കുമ്പോഴാണ് യാക്കോബായ മെത്രാപ്പോലീത്തായുടെ ഈ നടപടി.

കനാട് ഭദ്രാസന മെത്രാപ്പോലീത്തയ്ക്കുവേി അദ്ദേഹത്താൽ നിയമിതനായ വികാരിയുടെ പേരിലാണ് കരം കൊടുത്തിരുന്നത്. എന്നാൽ എം.സി. ഷിബു, ബെന്നി ഏലിയാസ് എന്നിവർ വികാരിയുടെ കള്ളസത്യവാങ്മൂലം എഴുതി തയ്യാറാക്കി മുനിസിപ്പൽ ഓഫീസിൽ കൊടുത്ത് ഉടമസ്ഥത മാറ്റാൻ ശ്രമിച്ചു. ഇക്കാര്യവും ഇപ്പോൾ പുറത്തുവന്നിട്ടു്. വികാരിയുടെ അറിവോ, സമ്മതമോ ഇല്ലാതെ കള്ളപ്രമാണങ്ങൾ ഉാക്കി പള്ളിയും സ്വത്തുക്ക ളും 2002 ൽ രൂപം കൊ യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടേതാക്കി മാറ്റാൻ നടത്തുന്ന ഇത്തരം ശ്രമങ്ങൾക്കെതിരെ നിയമ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇതുപോലെ തരംതാഴ്ന്ന പ്രവർത്തനങ്ങൾ നടത്തിയ ശേഷമാണ് മലങ്കരസഭാതർക്കങ്ങൾ കോടതിക്ക് വെളിയിൽ ഒത്തുതീർക്കണമെന്ന് യാക്കോബായസഭ മുറവിളികൂട്ടുകയും അതിനായി പ്രാർത്ഥനായജ്ഞങ്ങൾ സം

## ശെമ്മാശപ്പട്ടം സ്വീകരിച്ചു



റിട്ടയേഡ് ഹെഡ്മാസ്റ്റർ പൗലോസ് സ്കറിയ കനാട് (ഈസ്റ്റ്) ഭദ്രാസനത്തിന്റെ ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്ന് 2011 ജനുവരി 27-ാം തീയതി വ്യാഴാഴ്ച ശെമ്മാശപ്പട്ടം സ്വീകരിച്ചു. വടകര സെയ്ന്റ് ജോൺസ് പള്ളി ഇടവകയിൽ എലപ്ര സ്കറിയാ-ഏലമ്മ ദമ്പതികളുടെ പുത്രനാണ് പൗലോസ് ശെമ്മാശൻ. കോഴിക്കോട് സർവ്വകലാശാലയിൽ നിന്ന് ബി.എ., ബി.എഡ്. ബിരുദങ്ങൾ അദ്ദേഹം നേടിയിട്ടു്. പിറവം, പാമ്പാക്കുട, നാമക്കുഴി, ഊരമന ഗവൺമെന്റ് സെക്കറി സ്കൂളുകളിൽ അദ്ദേഹം അദ്ധ്യാപകനായിരുന്നു. ചെറുപ്പകാലം മുതൽ സഭാപ്രവർത്തനങ്ങളിൽ ഉത്സുകനായ അദ്ദേഹം ഗായകസംഘം, സസേ്കൂൾ എന്നിവയിലാണ് പ്രത്യേക താല്പര്യം പുലർത്തിയിരുന്നത്. സർക്കാർ സേവനത്തിൽ നിന്ന് വിരമിച്ച ശേഷം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ സുറിയാനി സെർട്ടിഫിക്കറ്റ് കോഴ്സ്, കൗൺസെലിംഗ് കോഴ്സ് എന്നിവ പാ ായി. കോട്ടയം 'ശ്രുതി'യിൽ ആരാധനാ സംഗീതങ്ങളിൽ പരിശീലനവും അദ്ദേഹം നേടുകയുായി. വടകരയിലുള്ള ഗിലയാദ് മരിയൻ റീട്രീറ്റ് സെന്റർ ചാപ്പലിൽ വച്ച് വി. കുർബ്ബാന മദ്ധ്യേയാണ് പട്ടംകൊട ശുശ്രൂഷ നടന്നത്.

ചടങ്ങിനുശേഷം മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേർന്ന അനുമോദനയോഗത്തിൽ ഗിലയാദ് മാനേജിംഗ് ട്രസ്റ്റി ഫാ. ഏലിയാസ് ജോൺ മണ്ണാത്തിക്കുളം, ഡയറക്ടർ ഫാ. സൈമൺ വർഗ്ഗീസ്, വടകര സെയ്ന്റ് ജോൺസ് ഇടവക വികാരി ഫാ. ജോയ് കടുകുംമാക്കിൽ, സന്തുല ട്രസ്റ്റ് ട്രഷറർ പി.ജെ വർഗീസ് എന്നിവർ ശെമ്മാശന് ആശംസകൾ നേർന്നു.

## വൈദീകനെ തടയരുതെന്ന് ഉത്തരവ്

മൂവാറ്റുപുഴ: വിവാഹം, ശവസംസ്കാരം, മാതാപിതാക്കളുടെ ഓർമ്മദിനം തുടങ്ങിയ ആവശ്യങ്ങൾക്ക് വൈദികന്റെ അംശവസ്ത്രമായ കറുത്ത കുപ്പായം ധരിച്ച് മാറിക സെന്റ് തോമസ് പള്ളിയിൽ ആരാധനയിൽ പങ്കെടുക്കുന്നതിൽ നിന്ന് ഫാ. മാത്യൂ സ് ചെമ്മനാപ്പാടത്തെ തടയാൻ പാടില്ലെന്ന് മൂവാറ്റുപുഴ സബ് ജഡ്ജ് കെ. സുഭദ്രാമ്മ ഉത്തരവ് നൽകി.

കഴിഞ്ഞ ജനുവരി 13 ന് ഫാ. തോമസ് കുപ്പമലയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പള്ളിപൊതുയോഗം ഓർത്തഡോക്സ് വിഭാഗക്കാരനായ ഫാ. മാത്യൂസ് കറുത്ത കുപ്പായം ധരിച്ച് ആരാധനയിലും മറ്റ് ചടങ്ങുകളിലും പങ്കെടുക്കുന്നത് വിലക്കിക്കൊ് തീരുമാനം എടുത്തിരുന്നു. ഇതിനെതിരെ ഫാ. തോമസ് കുപ്പമല, മംഗലശ്ശേരിൽ മത്തായി, കരികുളത്തിൽ ബേബി എന്നിവരെ എതിർകക്ഷികളാക്കി നൽകിയ ഹർജിയിലാണ് എതിർകക്ഷികളോ അവരുടെ ആളുകളോ ഫാ. മാത്യൂസിനെ തടയരുതെന്ന് കോടതി ഉത്തരവ് നൽകിയത്. ഫാ. മാത്യൂസിനുവേി അഡ്വ. തോമസ് അധികാരം

Printed and Published by Fr. Abraham Karamel, Secretary, Kandanad Diocese, Bishop's House Muvattupuzha-686 661 Ph: 0485 2832401
Managing Editor : P.J. Varghese Ph:0485 2253209, Printed at St. George Printers, Muvattupuzha